


സംസ്കൃതി
ഭജനസമിതി
ദുബായ്

ഗണപതി



വരദായക ശ്രീരമണൻ അരുൾവായ്
നാദാ കരിവരമുഖ ഗിരിജതനയ .... (വരാദയക...)
കരുണാലയ പാഹി ശിവാത്മജാ
മുരുഗാഗ്രജ ഗാന ലോലാവിഭോ
പരനേ ഇഷടഗാന വിമോചിതാ
അഘാന്തക മദാന്തക തവാന്തക ഭവാന്തക ....
(വരാദയക...)
നരനായ് ഭുവിൽ ജാതനായ് ഏഴൈ ഞാൻ
നരകാന്തക നാഥാ ദയാനിധേ
ദുരിതം പരം ചെയ്യവയാകവേ
പൊരുത്തരുൾ വരത്തിനായ് പെരുത്ത സമ്മതത്തോടെ
.... (വരദായക...)
നിഖിലാഗമ സാരസർവ്വസ്വമേ
മറയോർ പുകഴും ജ്ഞാനദീപമേ
അഖനാശന നിൻ സരസീരുഹം
പദയുഗമേ ഗതിദിനവും
മതിതെളിവാൻ വിധിവിനുത .... (വരദായക...)



കരമതിങ്കൽ അങ്കുശപാശ ശരണ-
ദായ കരിവദന
തീർത്തീടേണേ മമ വിനയേ...(കരമ..)
പരമപാവാംഗതി നിൻ
തിരുപ്പദം ഞാൻ കുമ്പിടുന്നേൻ
ഒരുകൃപയെന്നിലരുളിടാൻ തവ
ശരണ സാരസ സരസ പങ്കജം.....(കരമ..)
പാരെങ്ങും പുകഴും നാഥാ
സാരസം കരിസമതാ
കാരുണ്യനിലയപാരിലഗതി ഞാൻ
ഗണനായകാ.....(കരമ..)
മലിന ചരിത ലളിത ദുരിത
മലിനഹൃദയ മമത നീ
സതത മാലിന്യം ലളിതമാക്കി
അമിത കാരുണ്യം ചൊരിയണേ വിഭോ....(കരമ..)



കരിവരരൂപാ ശ്രീഗണനാഥാ
കാത്തരുൾകാ വരദാ...ദേവാ...(കരിവര...)
ആശ്രയം നീ തരുമോ അഖിലേശാ
തീരുവതോ ദുരിതങ്ങൾ
പാവനമാകും ശാശ്വതമേകാൻ
പാഹിപരാത് വരദാ...ദേവാ...(കരിവര...)
പുരിമോദമെന്നും പദകമലത്തിൽ
കുമ്പിടുന്നേൻ ഈശാ
പാവനമാകും ശാശ്വതമേകാൻ
പാഹിപരാത് വരദാ...ദേവാ...(കരിവര...)
മൂഷിക വാഹനനേ അഖിലേശാ
തീരുവതോ ദുരിതങ്ങൾ
പാവനമാകും ശാശ്വതമേകാൻ
പാഹിപരാത് വരദാ...ദേവാ...(കരിവര...)



കുംഭീ മുഖാവനേ നിൻ തിരുനാമം
സന്തദം പാടിടുന്നേൻ ..... ഇനി
സന്താപ വാരിധി തീരം കടക്കുവാൻ
എന്തിഹ ചെയ്വതയ്യോ....ഇനി...(കുംഭീ.....)
വൻ-തീയിൽ വീണുടൻ വെണ്ണീർ സമാനമായ്
എന്നുകിലന്തമെന്തേ....ഭവാൻ
ചിന്തും ഗണേശാ നിൻ പാദസരോരുഹം
സന്തദം കൈതൊഴുന്നേൻ.....(കുംഭീ....)
അന്തമിലാതുള്ള വന്മോഹമായയിൽ
പെട്ടു വലഞ്ഞിടാതേ....ഭവാൻ
അന്തവും ആദിയും നിന്നിൽ വിളങ്ങീടും
വിഘ്നേശ്വരൻ ഗീതം.....(കുംഭീ.....)



ലംബോധര വരദാ ശ്രീ ഗണനാഥാ
ലംബോദര വരദാ...(ലംബോദര....)
ഐങ്കരനേ ഗണ നായകനേ തിങ്കൾ-
കലാധര നന്ദനനേ
സങ്കട വൻ-കര തൻ കരയേറുവാൻ
നിൻ കൃപ അരുളണം എൻ ഗണവരദാ...(ലംബോദര....)
ഗണനായകനും പദദാ ശരണം
ഉമസുധ ഗജമുഖ വിമല ഗുണാലയ....(ലംബോദര....)

ഗണപതി



ഒറ്റക്കൊമ്പുള്ളോരോമന പൈതലേ
ഉറ്റുഭജിക്കുന്നേൻ ഉള്ളകം തെളിയവേ
വഞ്ചനനിനയാതെ കണ്ടുകൈവണങ്ങുവാൻ
നെഞ്ചകമതിൽമോഹം....ദേവാ
ദന്തിമുഖാ പാഹി
സന്തതം കൈകൂപ്പാൻ..ദേവാ..
കുംഭീമുഖാ പാഹി.....(ഒറ്റക്കൊമ്പു..)
മലരട ശർക്കര കദളിപ്പഴവും
പരിചോടു തേനും കരിമ്പവൽ ഇവയെലം
ഇവ പല ഭക്ഷണം ഒക്കെ ഒരുക്കി
ഗജമുഖ വരിക വിഭോ...ദേവാ...
ദന്തിമുഖാ പാഹി.....(ഒറ്റക്കൊമ്പു..)
അഞ്ചുകങ്ങളും അങ്കുശപാശവും
തഞ്ചമെഴുന്നൊരു ഗൗരവമേനിയും
വഞ്ചന നിനയാതേ കണ്ടു കൈവണങ്ങുവാൻ
നെഞ്ചകമതിൽമോഹം....ദേവ....
കുംഭിമുഖാ പാഹി..(ഒറ്റക്കൊമ്പു..)



ശങ്കരനന്ദനാ പാഹീ ലോക
ശാന്തി നികേതനാം മൂലഗണേശാ...(ശങ്കര...)
വൻപെഴും ശ്രീഗണ.....നാഥാ ദേവാ
വൻപരിതാപം അകറ്റിടുവോനേ
തമ്പുരാനേ ജഗതീശാ പോറ്റീ..
വൻപരിതാപം അകറ്റിടുവോനേ ...(ശങ്കര...)
താതനും മാതാവും നീ....യേ ദേവാ
താതനും ലോക നാഥനും നീയേ
വേദവും ശാസ്ത്രവും നീയേ ദേവാ
നാദബ്രഹ്മാനന്ദജ്യോതിസ്സും നീയേ.....(ശങ്കര...)



ശ്രീഗണനാഥാ വരം താ....
മൂഷികൻ മുകളിലേറി വാ വാ വാ...(ശ്രീ..)
അപ്പം അവിൽ അട നെൽ പൊരി തേൻപഴം
ഒക്കെ ഒരുക്കീ ഞാൻ കുംബിടുന്നേൻ
നാദപ്രപഞ്ചത്തിനാധാര രൂപമേ
ഇന്നെന്റെ മുൻപിൽ വിളങ്ങിടേണേ...(ശ്രീ...)
മുപ്പത്തി മുക്കോടി ദേവാദി ദേവരിൽ
ശ്രീഗണനായേകൻ ആദി ദേവൻ
മാതാപിതാക്കളേ ലോകമായി കണ്ടോരു
മൂഷികവാഹേനൻ വേറെ ഉണ്ടോ...(ശ്രീ..)



വിശ്വമാകേ വിശ്വരൂപം
വിളങ്ങണേ വിശ്വ...രാജാ
വിഘ്നവിനായകനേ...ദേവാ...
സിദ്ധിവിനായകനേ....(വിശ്വമാകേ..)
ഓംകാര പൊരുളാകും അറുമുഖ സോദരാ
വിഘ്നങ്ങൾ അകറ്റീടണം... ദേവാ...
വിഘ്നവിനായകനേ... (വിശ്വമാകേ..)
അപ്പം അവിൽ അട നെൽപൊരി തേൻപഴം
ഒക്കെ ഒരുക്കീടുന്നേ...ദേവാ..
വിഘ്നവിനായകനേ....(വിശ്വമാകേ..)
കൈലാസ നാഥന്റെ തിരുനടയാണിതു
വിഘ്നങ്ങൾ അകറ്റീടണേ..ദേവാ..
വിഘ്നവിനായകനേ....(വിശ്വമാകേ..)

ഗണപതി



അൻപർ മനോന്മണി പൊൻപതമേയതിൽ
സംഭ്രമമേ ജയമേ വിനായകാ..(അൻപർ..)
അർത്തനേ...കർത്തനേ...ചിത്തനേ..
ഗജമുഖനേ.....വിനായകാ...(അൻപർ..)
ആദിവേദജ്യോതി അതിനുതകിയ
ചഞ്ചലം വിനായകമാകിയ
സംഭ്രമങ്ങളേ എന്നും മുഖമേ...
വിനായകാ...(അൻപർ...)
പഞ്ചരസമേ...നെഞ്ചിനകമേ...
സഞ്ചിവകമേ... അഞ്ചിലും പഞ്ചഭൂതഗണമേ..
മൗനശുഭമേ...ശിവനുമകനേ..
കുംഭിമുഖനേ...
കുംഭസമ്പ്രവാതിവികസിത
ദന്തിവാസഗോവിന്ദ ദാസാ വരാ...
വിനായകാ....(അൻപർ...)



നിൻ തിരുപ്പാദാരം കാണാകേണം ദേവാ
ശിവകാശി അതിൽ വാസനേ...എൻ ദേവാ..
(നിൻ തിരു...)
ചെന്തളിർമേനി സന്തദം തൊഴുന്നേൻ
പാപനാശാ ശ്രീഗണേശ പാലയാ ദേവാ...
(നിൻ തിരു...)
കഷ്ടതയേശാതേ കാത്തിടേണേ ലോക-
മുക്തിപ്രദാനാം ശ്രീ വിഘ്നരാജാ...
ദീനത മാറ്റാൻ തവപാദഗതിയേ
ശ്രീമഹേശാ നന്ദനനേ പാലയാ ദേവാ..
(നിൻ തിരു...)



ദേവനേ ഭജിമനമേ ...എന്നും
ദേവ ശിവ കാശി വാസനേ ...ഐങ്കരാ..(ദേവനേ)
മൂഷിക വാഹന ശ്രീഗണനായകാ
മൂർത്തീവരമരുൾ കാർത്തിപ്രദായകാ-
..(ദേവനേ)
പാർവതിനന്ദന ശ്രീഗണനായക
ആനയ്മുഖാ കരു....ണാകര വത്സലാ
..(ദേവനേ)
ആദിമൂലപ്പൊരുളേ ആനന്ദചിന്മയാ
ആദരവോടിന്നു കുമ്പിടുന്നേൻ ഗണേശാ
..(ദേവനേ)



പൊരിയവൽ അട നല്ല ശർക്കരാ കദളിപ്പഴം
വിരവിൽ-വച്ചദിഭക്ഷിയായ് ഭജിച്ചീടുന്നേൻ
വരിക കരിവദന പരിചോടു ഭജിക്കുന്നേൻ
സരസവരം തരിക പാഹി പാഹി വണങ്ങുന്നേൻ(2)
ദേവാ ഗണാ-പതിയേ...ഭാജനാ തന്നിൽ
പരമപുരുഷാ നിന്നെ സദതവും ഭജിക്കുന്നേൻ
ദേവാ ഗണാ-പതിയേ(2)
നാരദാദിപ്രപദികൾ സാരമായ് സ്തുദിച്ചീടുന്നേൻ(2)
കാരുണ്യവാരിദേ ദേവാ പാലയാ വിഭോ
കാര്യകാരണാന്തർഭൂതാ കാരണാകാജഗൽ പ്രഭോ(2)
ഘോരമായ പാപബന്ധം അകന്നീടുവാൻ
വരണംവടിവുചേർന്ന സാരസാന്തികത്തിൽ ഞങ്ങൾ(2)
സാരമായ ഭക്തിയോടേ താണു വീണു വണങ്ങുന്നേൻ
ദേവാ ഗണാ-പതിയേ...ഭാജനാ തന്നിൽ
പരമപുരുഷാ നിന്നെ സദതവും ഭജിക്കുന്നേൻ
ദേവാ ഗണാ-പതിയേ

സരസ്വതി



സരസ്വതിയേ ശരണം ശരണമെന്നിൽ
ദയവുമായ് പിറന്നീടമ്മാ.. അമ്മാ തായെ..
ദയവുമായ് പിറന്നീടമ്മാ..(സരസ്വതിയേ..)

സരസ്വതിയേ ശരണം സമയമിതിൽ വരണം (2)
അപ്പാ മലർ നാവിൽ നിത്യം വന്നരുൾ ചെയ്വാൻ
(സരസ്വതിയേ..)
താമര പൂവിലുദിച്ച സർവ്വകലാധരിയെ (2)
സുന്ദരിയെ നിത്യം വന്നെനിക്കുതകു ചെയ്വാൻ
(സരസ്വതിയേ..)
തായേ ലോകസാക്ഷി സമയമിതെന്നെ രക്ഷി (2)
കാമാക്ഷി മീനാക്ഷി വിശലാക്ഷി ലോകസാക്ഷി
(സരസ്വതിയേ..)
ആദിലക്ഷ്മി തായേ അഖിലാണ്ഡ നായകിയേ
ആദിയന്തമില്ലാത്തോരാനന്ദജഗത്മായേ
(സരസ്വതിയേ..)



അംബുജാസനത്തിൽ മേവും
അംബ ദേവി ശാരദേ
അംബ നിൻ കുജാമൃദങ്ങൾ
നന്മയൊടു തന്നെനിക്കു
ധർമ്മമേകിയാലും ഇന്നു
നിർമ്മലാംഗി ഭാരതേ..(അംബു..)
രാജഹംസ വാഹനേ ദേവി
രാജമാന ഭവനാംഗി
സഹജമെൻെറ നാവിൽ വാഴ്ക
നീലവേണി കോമളാംഗി..(അംബു..)
പാണിയിങ്കൽ അക്ഷമാല
പുസ്തകം കിളിക്കിടാവും
പത്മവും ധരിച്ച ദേവി
പത്മനാഭ കീർത്തിതേ..(അംബു..)



ദർശനം ഇനി എന്നു ശങ്കരി
ദയയേകണെ ദേവി... (ദർശനം..)
കശിവിശ്വനാഥേ ദേവി നിൻ
കാലിണകളേ കണ്മതിനായി
കാമക്രോധ ലോഭ മോഹം
സാമദാനം ചെയ്ക ദേവി നീ....(ദർശനം..)
ശങ്കരീ മായേ നിൻ സ്വരൂപം
ശങ്ക വിട്ടെന്നെ കാത്തിടേണം
എങ്കലുള്ള പാപം പൊക്കി
വൻ കരുണയെ ചെയ്ക ദേവി നീ...(ദർശനം..)
മാരക്കോടി സുന്ദരി അംബ
മഹിഷാസുരമർധിനിയംബ
വീരധൈര്യ ശൗര്യശാലിനി
വിശ്വനായകി ത്രിപുരസുന്ദരി...(ദർശനം..)
ദരിദ്രാദി പൂരിസങ്കടം
വരിരാശി തന്നിലണയും
പാദദാസൻ പത്മനാഭൻ
പൊറ്റിടും അമ്മെ കാത്തിടൂ ദേവി...(ദർശനം..)



മന്മഥവൈരിയേ പാട്ടിൽ മയക്കിയ..
മയ്യഴിക്കണ്ണാളേ....
മഞ്ഞും മലയിലെ മാണിക്യവല്ലിയാം
മാരിമുത്തമ്മാളേ...(മന്മഥ...)
അർക്ക ചന്ദ്രന്മാരേ ആകാശമധ്യത്തിൽ
അമ്മാനമാടുവോളേ
ശുക്ര നക്ഷത്രമാം കൈവിളക്കേന്തിയ
വിശ്വപരം പൊരുളേ...(മന്മഥ...)
വൃക്ഷലതാതികൾ പൂത്തുവിലസുബോൾ
പക്ഷികൾ പാടുംബോൾ
പുഷ്പദളങ്ങളിൽ തേൻ നുകർന്നങ്ങനെ
ഷഡ്പദം മൂളുംബോൾ...(മന്മഥ...)
മുപ്പുര വൈരിയുമായി നീ താണ്ഡവ-
നർത്തന മാടുംബോൾ
എന്നെയും കൂടേ നീ ഓർത്തു കൊള്ളേണമേ
ശങ്കരീ തമ്പുരാട്ടി..
നിൻ കഴലല്ലാതെ ഞങ്ങൾക്കൊരാശ്രയം
എങ്കൽ കനിഞ്ഞിടേണേ...(മന്മഥ...)


സരസ്വതി



തായേ ഭാരതിയേ....
ജഗൽ മായേ നന്മുഖ
ജായേ നൽ വരം
തായേ നീ ജപം
തായേ ഭാരതിയേ...(തായേ..)
ഭാരിച്ച താപം കലർത്തും ഭവാഖ്യമാം
വാരാശി തന്നിൽ കിടന്നു വലയുന്നേൻ
വന്ദേ പാദാര വിന്ദം കാരുണ്യം
എന്മേൽ ചേർത്തരുൾ തായേ ഭാതിയേ...(തായേ..)
ഭാവുക ദായിനി മൂകാംബികേ ദാസ-
സേവിത ശാരതേ മാദക മോഹിനി
വാണീ കാർമുകിൽ വേണീ നിൻ പാദം
തേടീ വാഴ്ത്തുമെൻ..(തായേ..)
പാണീതലത്തിങ്കൽ ആനന്ദദായകം
വീണയുമേന്തിയെൻ ചാരത്തു വന്നിടൻ
പാടീ രൂപകം കൂടീ നിൻ പാദം
തേടീ വാഴ്ത്തുമെൻ..(തായേ..)



ശ്രീജഗദീശ്വരി നാമം പുണ്യനാമം
സന്ധ്യാനാമം പാടുക നാം...(ശ്രീജഗദീശ്വരി....)
കരുണചൊരിയും നിന്റേറ കാരുണ്യരൂപം
കഴലിണ കൂപ്പിടുന്നേൻ ദേവി..ദേവി
കഴലിണ കൂപ്പിടുന്നേൻ ദേവി..മഹാമായേ
ജഗദംബേ....സർവ്വേശ്വരി...(ശ്രീജഗദീശ്വരി....)
അന്നപൂർണേശ്വരി തന്നിക്കലീശ്വരി
ആടലകറ്റുക അമ്മേ...അമ്മേ...
ആടലകറ്റുക അമ്മേ...ദേവി തായേ
മഹാമായേ....സർവ്വേശ്വരി...(ശ്രീജഗദീശ്വരി....)



ഭാരതീ ഗീർവാണി ആഗാന്തശാർവേണി
മൊഹിനി നിൻ പാദം...ദേവി...(ഭാരതി...)
ദേവാസുരാ മുനി വൃന്ദ സമ്പൂജിതേ
നിത്യവും ഞങ്ങളേ കാത്തുകൊള്ളേണമേ...(ഭാരതി...)
ശുംഭ നിശുംബാവേ മർദ്ധനി സാംബാവേ
സംഭ്രഭകാരമേ ദേവി മഹേശ്വരി
സന്താപഹാരിണി നിൻ തിരുനാമങ്ങൾ
ഭക്തിയായ് പാടുന്നേൻ ബാലരാം ഞങ്ങൾ..(ഭാരതി...)



അന്നവാഹനാ ദേവി സരസ്വതിയേ
മാനവർ പൂജ ചെയ്യും ജ്ഞാനസ്വരൂപിണിയേ
വീണയും കയ്യിലേന്തി ആനന്ദസ്വരൂപിണിയേ..(അന്ന..)
വെള്ളപ്പട്ടനിഞ്ഞും വെൺതാമരമേൽ ഉദിച്ച
മുല്ലവള്ളീ സരോജാ മാലമെയ്യിൽ ധരിച്ചും.....(അന്ന..)
പോയകാല മഹാഗ്രന്ഥ ഓലച്ചുരുളും ഏന്തി
മെയ്യാൽ വിലങ്ങും ദേവി
നാവിൽ വിളങ്ങിടേണം....(അന്ന..)



ദേവി മഹാമായേ നിന്റെറ പാദം കുമ്പീടാം
പാദം കുമ്പീടാം വരമേകണം തായേ...അമ്മാ..(ദേവി...)
ശക്തിയേറുന്ന ദേവി നീലോൽപ്പലാക്ഷിമായേ
ഭക്തരാം ഞങ്ങളേ നിത്യം കാത്തുകൊള്ളണേ
കാത്തുകൊള്ളണേ മേലിൽ
ആപത്തെന്നിലേ...അമ്മാ....(ദേവി...)
ഊറ്റമേറും ദണ്ടുമേന്തി കട്ടിടുന്ന നൃത്തം കണ്ടാൽ
പാപഹരം വന്നുപൊമേ ശോകനാശിനി..
ശോകനാശിനി കരുണാകരി തായേ.....അമ്മാ....(ദേവി...)
താന്നിക്കലധിവസിനി തായേ മഹേശ്വരിയേ
ഞാനിതാ നിൻ പദയുഗം കുമ്പിടുന്നമ്മാ
കുമ്പിടുന്നമ്മാ വരമേകണം തായേ.....അമ്മാ....(ദേവി...)

സരസ്വതി



മുടിയഴിച്ചാടിവാ..
മുല്ലപ്പൂം ചൂടി വാ
മുക്കണ്ണൻ തിരുമകളേ...ദേവി
ചെട്ടികുളങ്ങര അമ്മേ...(മുടി...)
നിറപറ നിലവിളക്കും
കർപ്പൂര ദീപങ്ങളും
വെച്ചു ഞാൻ കുമ്പിടുന്നേൻ...ദേവി..
ചെട്ടികുളങ്ങര അമ്മേ...(മുടി...)
കുംഭ മാസത്തിൽ
ഭരണി നാളിൽ
നിറപറ വെച്ചു തൊഴുന്നേൻ..ദേവി
ചെട്ടികുളങ്ങര അമ്മേ...(മുടി...)
ശിലാരൂപിണി
ധാരിക നാശിനി
താണുവണങ്ങിടുന്നേൻ..ദേവി
ചെട്ടികുളങ്ങര അമ്മേ...(മുടി...)



വാണീ വീണപാണി മമ വാണിയിൽ വാണിടമ്മേ
താണുകുമ്പിടുന്നേൻ വരമേകണേ
ഗീർവാണി...(വാണീ..)
മണ്ണിൽ ഉൻ മഹിമയ് എന്നിൽ ഒന്നുമില്ലാതതിനാൽ
എന്നേ കാത്തിടേണം അരയന്നവാഹനയാളേ...(വാണീ..)
ജ്ഞാനാരൂപിണിയെ അജ്ഞാനനാശിനിയേ
ജ്ഞാനമാകും നിത്യ പരമാനന്ദമേകിടേണേ...(വാണീ..)
ബ്രഹ്മാനന്ദിനിയേ ശ്രീ അന്നപൂർണ്ണേശ്വരിയേ
താന്നിക്കൽ വാഴും ദേവി എൻ
പാപമകറ്റീടണേ...(വാണീ..)



വാണി ദേവി നിൻപാദം ഭജിച്ചിടുന്നു ഞങ്ങളിൽ(2)
കാണിനേരമെങ്കിലും കനിവുദിക്കവേണമേ...(2)
വീണഗാന മോഹിനി വിളങ്ങിടും സ്വരൂപിണി(2)
താണടി വണങ്ങുന്നു താമരാക്ഷി ഭാരതി(2)
താമരാക്ഷി ഭാരതി വരപ്രദേ ശുഭപ്രദേ
വാരിജാസനപ്രിയേ വണങ്ങിടുന്നു ശാരദേ(2)
വാഴ്ത്തിടുവതിലേതും വീഴ്ചവന്നീടാതെ നീ



ആദിശക്തി പരാശക്തി
പരമ ശക്തി തായേ
ആണ്ടവനും ഗണപതിക്കും
അരുമയായ തായേ

അമ്മേ ഭഗവതി സത്യസ്വരൂപിണി
എന്മേൽ കനിയണേ തമ്പുരാട്ടി
നന്മയാർന്നമ്മേ അനുഗ്രഹിക്കേണമേ
കന്മഷ നാശിനി ദേവി തായേ....(ആദി..)

ഈശ്വരിരക്ഷകി സത്യസ്വരൂപിണി
തുമ്പമകറ്റുന്ന തമ്പുരാട്ടി
ഉന്മയും ശാന്തിയും ഹൃത്തിൽ തോന്നീടുവാൻ
എന്നുമനുഗ്രഹം നൽകിടണേ....(ആദി..)

ഊനങ്ങൽ നീക്കി തുണക്കണേ അംബികേ
കഞ്ചവിലോചനേ സുന്ദരാംഗി
ശ്രീലളിതാംബികേ ശ്രീദുർഗ്ഗേ ശങ്കരി
ശ്രീമഹാരാജ്ഞി നമോനമസ്തേ....(ആദി..)

എന്നെന്നും ഞങ്ങൾ തൻ മാനസതാരതിൽ
താരകൾ പോലെ വിളങ്ങിടണേ
കൃണാംഗലോചനേ ശ്രീഗിരിജേ തായേ
പത്മാലയേ ദേവി ശ്രീനമസ്തേ....(ആദി..)

ഐശ്വര്യദായിനി ഭക്തപരായണി
അൻപൊടുകാത്തരുളേണമമ്മേ
ഒന്നല്ലൊരായിരം നാമങ്ങൾ ഓതുവാൻ
നാവിന്നു ശക്തി നീ നൽകിടണേ....(ആദി..)

ഒമൽതിരുമേനി കണ്ടുകൈകൂപ്പുവാൻ
ബാലരാം ഞങ്ങൾ അനഞ്ഞീടുന്നു
ഔദാര്യശാലിനി ഭക്തപരായണി
അംബികേ ദേവി നമോ നമസ്തേ....(ആദി..)

ശ്രീമഹാദേവന്റെ പാതിയായ് മേവുന്നൊരു
ഓങ്കാരമൂർത്തിയെ കൈതൊഴുന്നേൻ
പാർവതിയായതും കാളികയായതും
ദുർഗ്ഗാഭഗവതീം നീതാനല്ലോ....(ആദി..)

കലിപൂണ്ടു കലിയിൽ ഉഴലുന്ന മർത്ത്യനു
നീയല്ലതാരു ശരണം തായേ
കലിയേ ശമിപ്പിച്ചു കലികാലദുഖങ്ങൾ
കനിവോടെ തീർത്തു തരേണം തായേ....(ആദി..)

സരസ്വതി



അംബികേ പരമേശ്വരി ദേവി
ആദിശക്തിസ്വരൂപിണി
ചന്ദമെറിടും നിന്നുടെ രൂപം
ആനന്ദം പരമാനന്ദം..(അംബികേ..)
അവിരാമമവിടുത്തെനാമങ്ങൾ
ഉരുവിട്ടുകൊണ്ടു തിരുമുൻപിൽ
ഇരുകരങ്ങളുമൊരുപോൽ കൂപ്പുന്നു
കരുണയേകുനീ മമ തായേ..(അംബികേ..)
തിങ്കളാനനേ തങ്കശോഭിതേ പങ്കനാശിനി ശങ്കരി
നിൻ കഴലിണ കുമ്പിടുന്നിതാ
സങ്കടങ്ങളകറ്റണേ..(അംബികേ..)
ഇബമേറിടും ഗാനമോതുബോൾ
തുംബമെല്ലാമകറ്റണേ
കംബിതരാകും ഞങ്ങളിൽ എന്നും
ഇംബമാർന്നു തുണക്കണേ..(അംബികേ..)
കഞ്ജലോചനേ കാർമുകിൽ-വേണി
മഞ്ജുഭാഷിണി ശാരദേ
പഞ്ചമി പരമേശ്വരി ദേവി
അഞ്ചിടാതെ തുണക്കണേ..(അംബികേ..)
ആദിമാതാവും കാളിയും കളി-
ആടിടേണമെൻ മാനസേ
സന്തതം മനതാരിലെന്നുമേ
ചന്ദമോടുവസിക്കണേ..(അംബികേ..)



അക്ഷരങ്ങൾ അംബികേ.....
അർഥപൂർണ്ണ മായിടാൻ....
അർഥി എന്നിലാർദ്രയാകണേ...
അക്ഷജങ്ങളായി-വന്നപ്രഭാവ രേഖകൾ
അക്ഷരങ്ങളായ് ഭവിക്കണേ
അർഥനക്കനുഗ്രഹിക്കണേ..

താനനാന നാനനയ് താനയ് തനാനനയ്
താനന്നയ് താനനാനനോ...
തന്നാനയ് താനനയ് താനനാനനാനനയ്
തന്നനാന നാനനാനനോ...
താനനാന നാനനാനനോ....

അപ്രമേയ സത്യമാം അപ്രഭാവമെന്നുമേ
വിപ്രമോൽഭവങ്ങളെങ്കിലും
അത്ഭുദാദരങ്ങലൊടപ്രതാപമെന്നുമേ
സൽപ്രദീക്ഷയാക്കിടുമ്പൊഴീ...
അജ്ഞതക്കനുഗ്രഹിക്കണേ...(താനനാന..)

എപ്രകാരമമ്പിളി സ്നിക്ധകാന്തി രാവിനേ
സത്യപൂർണ്ണമാക്കിടുന്നുവോ...
അപ്രകാരമംബികേ ത്വൽപ്രകാശമെത്തിയെൻ
ഭക്ഷചിത്തമിത്തമസ്സുതിൽ...
നിസ്സുലാഭതുകിനിൽക്കണേ...(താനനാന..)

എത്രപൊന്നുഷസ്സുകൾ എത്രദുഖ സന്ധ്യകൾ
എത്രയെത്ര തപ്പസന്ധികൾ...
ഇത്രനൊമ്പരങ്ങൾപിന്നിട്ടപാത-
പിന്തിരിഞ്ഞുറ്റുനോക്കിയിറ്റുനിന്നിടാം
ഒട്ടുകാത്തു നിന്നിടേണമേ...(താനനാന..)

സുപ്രഭാതമൊന്നിൽനിന്നിപ്രയാണവും തുടർന്നി-
ത്രദൂരമെത്തിയെങ്കിലും..
അപ്രദൊഷസന്ധ്യവന്നെത്തുവൊളമംബികേ
ഇപ്രയാണകവുതുകത്തിനായ്...
ഒട്ടകന്നു കൂട്ടുനിൽക്കണേ...(താനനാന..)

ഉൾക്കടങ്ങളെത്രയീ നിത്യസങ്കടങ്ങളിൽ
ഹൃത്തടം തളർന്നിതെങ്കിലും..
വ്യർഥമായിടൊല്ലയാ ചിൽപദങ്ങൾ ചേർന്നിടാൻ
പിച്ചവെച്ചിടുന്നൊരിച്ചെരീ...
കൊച്ചുജന്മ സത്യമംബികേ...(താനനാന..)



നീ അല്ലേ തായേ ബഹുരൂപം പൂണ്ടു-
കാന്മതെല്ലാം നീ അല്ലേ തായേ...(2)
പാൽക്കടൽ മദനം ചെയ്തോരളവിൽ -
പത്മജയായതും നീ അല്ലേ...(2)- (നീ അല്ലേ)
പത്മജോൽഭവ പരിപാലകയാം
ഭാരതിയായതും നീ അല്ലേ...(2)- (നീ അല്ലേ)
ദക്ഷനുമകളായ് വന്നുപിറന്നൊരു
ദാക്ഷായണിയും നീ അല്ലേ...(2)- (നീ അല്ലേ)
പർവ്വത നന്ദിനിയായി വിളങ്ങിയ
പാർവ്വതി താനും നീ അല്ലേ...(2)- (നീ അല്ലേ)
മഹിഷാസുരനേ കൊന്നുമുടിച്ചൊരു
മാഹേശ്വരിയും നീ അല്ലേ...(2)- (നീ അല്ലേ)
മഹിദകുണാലയയായി വിളങ്ങും
കുമാരിദേവിയും നീ അല്ലേ...(2)- (നീ അല്ലേ)
രാമനു രമയായ് വന്നുളവാകിയ
ജാനകിയായതും നീ അല്ലേ...(2)- (നീ അല്ലേ)
മാധവനാം മധുരാപുരി നാഥനു
മാധവിയായതും നീ അല്ലേ...(2)- (നീ അല്ലേ)
അന്നന്നുളവാം ശത്രുജനത്തേ
കൊന്നുമുടിച്ചതും നീ അല്ലേ...(2)- (നീ അല്ലേ)
നിന്നുടെ പദതളിർ പണിയുന്നോരേ
തന്നിലണച്ചതും നീ അല്ലേ...(2)- (നീ അല്ലേ)

സരസ്വതി



തന്നന്നാ നാനന്നാ തന്നാനാ താനയ്
താനന്നാ നാനന്നയ് തന്നാനാ
തന്നന്നാ നാനന്നാ തന്നാനാ താനയ്
താനന്നാ നാനന്നയ് തന്നാനാ

വിഷ്ടവാദീശ്വരി ഇഷ്ടമാതേദേവി
ചെട്ടികുളങ്ങര വാഴുമമ്മേ
ഇഷ്ടിയേറീടണേ ഈ ശിവരാത്രിയിൽ
ത്രിപ്പാദതാരിലർപ്പിച്ചിടുന്നേൻ...(തന്നന്നാ..)

തന്നനന്നായ് താനനന്നയ് തനന്നനന്നയ് താനാ
തനനാനനന്നായ് തന്നനന്നായ് തന്നനന്നായ് താനനോ

ദുരിതഹരം ഭവഭരിതം ദിനമിതഹോ കടിനം
ഭവചരണം തവചരണം പണിയുകിലോ ലളിതം
(...തന്നനന്നായ് ....)

തന്തന്നിതന്നനാ താനേനന്നം താനിതന്നാനാ
തന്തംതനിത്താനാ തനേ നന്നം താനിതന്നാനോ...
തെയ്യത്താ.....

സർവദാ സക്തി ഭൂതേ സനാതനി സന്മയി ശക്തി രൂപേ
സർവകാലം വരേണേ ഭവൽ ക്രിപാ സർവാദി
സ്വാന്തനങ്ങൾ
(.....തന്തന്നിതന്നനാ....)

തന്നെനാനെ താനെ നാനെ തന്നംനാനാ താനയ്
താനാനയ് താനനതിത്തെയ്
തന്നംനന്നന്നാ...ത..തികുതൈ

ഇനിവിനയഴലതി ദുരിതമിതഖിലവും
അകലുവതിന്നയ്.....അമ്മേ
അനുദിനമകമതിൽ അടിയിണ അടിയൻ
കണിയാകേണേ.....(തന്നെനാനെ)



മായേ മഹേശ്വരി മായാ വിനോദിനി
ചെട്ടികുളങ്ങരേ വാഴുമമ്മേ
മോദമേകുന്ന നിൻ മാണിക്കതൂമുഖം
മായതെ ഞങ്ങളിൽ ഏകിടേണേ

തന്നേന നാനനം താനേന നാനനം
താനിത്തനന്തനം താനനാനോ
തന്നേനനാനനം താനേന നാനനം
താനിത്തനന്തനം താനനാനോ

പാർവണം പെയ്യിടും പാർവതീ നിന്മുഖം
പാദം നമിപ്പതോ പാപഹരം
പാരിൽ സപൂജ്യനിൻ പാദം നമിച്ചിടാൻ
നേർവരും സങ്കടം മാറ്റിടേണേ...(തന്നേന..)

ശ്രീപരമേശ്വരി വേദാളവാഹിനി
വേദനയോടിവർ കേണിടുമ്പോൾ
ഖേദമിയന്നൊരെൻ ഹ്രിത്തുവിൻ സാന്ത്വന-
കേദാരമാകണേ നാശകി നീ...(തന്നേന..)

അഷ്ടബാഹുക്കളാൽ അഷ്ട്ടൈശ്വര്യം തരും
നാളീകവാസിയാം ലക്ഷ്മിയും നീ
സപ്തസ്വരങ്ങളയ് ചിത്തേവിളങ്ങിയെൻ
അഞ്ജതപോക്കിടും വാണിയും നീ...(തന്നേന..)

അഞ്ജനം ചാർത്തിടും മഞ്ജുള രൂപിണി
ത്രിച്ചേവടിയിവർ കുമ്പിടുമ്പോൾ
പൈതലിൻ ഗദ്ഗതം മാറ്റിടും അമ്മപോൽ
എൻ വ്യധമാറ്റിടാൻ നീ വരില്ലേ...(തന്നേന..)

ചെമ്പട്ടു ചുടിടും ചെഞ്ചാരു രൂപമേ
ചന്ദനം ചാർത്തിടും ശാലീനമേ
ചാന്തണിഞ്ഞുറിടും ആത്തിരുചന്തമേ
എൻ മുൻപിൽ അംബികേ കാണ്മതു ഞാൻ...(തന്നേന..)

സരസ്വതി




ചെട്ടികുളം വാഴുമമ്മേ ഭക്തവത്സലേ
നിൻ ചരിതം പാടിടാനയ് ശക്തിയേകണേ
ഗഗരിസ....തന്നനാനയ് താനനാനയ് താനനാനന്നോ
തന്തന്നിത്താനാനനാനയ് തന്നേനാനനനോ...ഗഗരിസ
പണ്ടുകരനാഥരാകും മാനിമാർപോയി
കോയ്പ്പള്ളി കാരാഴ്മ്മ ക്ഷേത്രേ കാഴ്ചകൾ കാണാൻ
ഗഗരിസ.....(തന്നനാനയ്.....)
ഇക്കരകൾതൻ പ്രമുഖനാഥരെന്നാലും
വേണ്ടവണ്ണം സ്ഥാനമേതും നൽകിയതില്ലാ
ഗഗരിസ.....(തന്നനാനയ്.....)
അന്യദേശേചെന്നു അപമാനിതരായ്
ഖേദമോടേ കാഴ്ചയേതും കണ്ടിടാതവർ
ഗഗരിസ.....(തന്നനാനയ്.....)
ആനിശയിൽ ആലംബഹീനർ നാലാളും
സ്വന്ത ഗേഹം പൂകി മൗനഃ ദുഖവും പേറി
ഗഗരിസ.....(തന്നനാനയ്.....)
വേണമിതുപോൽനമുക്കും കഴ്ചകൾ കെട്ടും
ക്ഷേത്രമൊന്നു വേണമെന്നു ചിന്തയും ചെയ്തു
ഗഗരിസ.....(തന്നനാനയ്.....)
വന്നൊരുദിനമവർതൻ ഇണ്ടൽ പോക്കീടാൻ
ഭക്തിയായ് കൊടുങ്ങല്ലൂർ നടയിൽ കുമ്പിട്ടു
ഗഗരിസ.....(തന്നനാനയ്.....)
എന്തിതമ്മേ നിൻെറ മക്കൾ ചെയ്തൊരപരാധം
ചെയ്തിടേണം അമ്മയിന്നിതിൻ പരിഹാരം
ഗഗരിസ.....(തന്നനാനയ്.....)
എന്നുചൊല്ലി കൈനുവന്നായോഗിമാർ നാലാൾ
സന്ദതം ആ ശ്രീനടയിൽ തപസനുഷ്ടിച്ചു
ഗഗരിസ.....(തന്നനാനയ്.....)
പ്രീതിപൂണ്ടങ്ങമ്മയന്നു ദർശനമേകി
സങ്കടങ്ങൽ കേട്ടതേവം അമ്മകൽപ്പിച്ചു
ഗഗരിസ.....(തന്നനാനയ്.....)
ഏറെനാളതാകുമുൻപൊരുദിനം രാവിൽ
എകയായ് കരിപ്പുഴ കടവുകടന്നു
ഗഗരിസ.....(തന്നനാനയ്.....)
സത്യമാകും ഈ ജഗത്തിൻ തത്വമാണമ്മ
എത്തിപുതുശേരിതന്നിൽ വിശ്രമം കൊണ്ടു
ഗഗരിസ.....(തന്നനാനയ്.....)
നേരെയമ്മ ചെട്ടികുളം തന്നിലുള്ളോരാ
മൂലസ്ഥാനം തന്നിൽ കുടി കൊണ്ടു മങ്കയായ്
ഗഗരിസ.....(തന്നനാനയ്.....)
അന്നൊരുനാൾ വാമഭാഗേ വാസമുള്ളോരാ
ബ്രാഹ്മണർ തൻ ഗേഹമേച്ചിൽ തന്നിടവേളേ
ഗഗരിസ.....(തന്നനാനയ്.....)
കഞ്ഞിമുതിരപ്പുഴുക്കുമസ്സുവുമോടേ
ഭൃത്യരന്നിലത്തടയിൽ ഭോജനം ചെയ്കേ
ഗഗരിസ.....(തന്നനാനയ്.....)
വന്നൊരുസ്ത്രീ ഇഷ്ടഭോജ്യം പാനവും ചെയ്കേ
വായ്കഴുകാൻ പോയമാത്രേ ദൃശ്യരൂപം പോയ്
ഗഗരിസ.....(തന്നനാനയ്.....)
മായയായങ്ങന്തരീക്ഷേ മാഞ്ഞൊരുരൂപം
കണ്ടു ഗൃഹനാഥയന്നങ്ങൽഭുതം പൂണ്ടു
ഗഗരിസ.....(തന്നനാനയ്.....)
ജ്യോതിഷാദിപന്മാരങ്ങ് പ്രശ്നവും ചെയ്കേ
അമ്മയിവിടെത്തിയെന്നു ചൊല്ലി സാഹൃദം
ഗഗരിസ.....(തന്നനാനയ്.....)
ഇന്നുകാണും കൊവിലിൽ പ്രദിഷ്ടയും ചെയ്തു
ചെട്ടികുളം വാഴുമോതി അമ്മയായ് മാറി
ഗഗരിസ.....(തന്നനാനയ്.....)



ആറോടമ്പിളി ആരന്തവനിയ്ക്ക്
അരുമയ്കുളന്തയ് അമ്മാളേ
അറുമുഖനിക്കിളയോളേ
ഒംകാരി ഓമന കണ്ണാളേ....
താം തകധിമി തന്നാനാ തക
തക തകധിമി തന്നാനാ
താം തകധിമി തകു-തകധിമി
തന്തന്നി താനിതനന്നാനാ....
ആടും പാമ്പേ അണിഞ്ഞോളേ
ചെങ്കനൽ തീപൊരികണ്ണാളേ
ദാരികൻ തൻ തലകൊയ്യോളേ
അടിയരേകാക്കുമുടയോളേ...(താം...)
ചെറ്റികുളത്തിക്കമർന്നോളേ
മെഴുവട്ടക്കുട ചൂടും അമ്മാളേ
കുട്ടിക്കുമാരനിളയോളേ...
കെട്ടുകാഴ്ച്ച കണ്ടു രസിപ്പോളേ...(താം...)
കിവിലിക്കമ്മ അരസാളേ
അന്ത കുംഭ ഭരണി തിരുനാളേ
കുത്തിയൊട്ടത്തിക്കു മുന്നാലേ
കുതിച്ചാടി പാടി നടന്നോളേ...(താം...)
പട്ടുടയാള ധരിപ്പോളേ
അന്ത വട്ടക കയ്യിലെടുപ്പോളേ
എട്ടുകരങ്ങളിൽ ആയുധവുമേന്തി
ദുഷ്ടരേ കണ്ണലെരിത്തോളേ...(താം...)
ശക്തിശിവങ്കനുദിപ്പോളേ
പരാശക്തിയെനിക്കുനീ തായാളേ
കുട്ടിക്കുമാരനിളയോളേ
കെട്ടുകാഴ്ച്ച കണ്ടു രസിപ്പോളേ...(താം...)
മട്ടലർബാണനേ ചുട്ടോളേ
തിരുനെറ്റിമിഴിയിൽ പിറന്നോളേ
എട്ടുദിശിക്കുകൾ പെട്ടോളേ
വെടിക്കെട്ടു കണ്ടു രസിപ്പോളേ...(താം...)
കൊട്ടും വെടിയായ് നടന്നോളേ
പതിനെട്ടുകരചുറ്റി കണ്ടോളേ
കൊട്ടാരം മുതൽ കൊട്ടിൽ-വരെ
പറ കിട്ടുന്നതെല്ലാമെടുത്തോളേ...(താം...)

ഗുരു



ജ്ഞാനാകരനെ....ഗാനസൽ പ്രിയനെ
മനിതനെ പരനെ...ദേശിക....(ജ്ഞാനാകരനെ)
വേദിനൊർവിനുതാ
വേദാം പൂജിതാ
പാദമേ അടിയനൊരാധാരം സദാ...(ജ്ഞാനാകരനെ)
ജ്ഞാനാ സൽഗുരുനാഥനെ ഭജിനി
മാനസമേ സദാ.. അദരവായ്
ഹരിയെന്നരിയിൽ വിരലാൽ കാട്ടിയ
സാരവിദ്യാ ധനമേ ദേശികാ...(ജ്ഞാനാകരനെ)
ദേവാ നിൻ തിരുനാമ മന്ത്രജപ–
മരുചെയ്വൂ ഭുവനേ...
ജനനാ മരണാ ദുരിതം തീരുമെൻ
ജനന മരണ ദുരിതം തീരുമെൻ
സാരവിദ്യാ ധനമേ ....ദേശിക...(ജ്ഞാനാകരനെ)



ശ്രീഗുരുവരപ്പാദം സീമയകന്നു മോദാൽ
സേവ ചെയ്യീടുന്നു ഞാൻ അഖിലേശാ
സാദരമതിനു നിൻ ദാസനായീടും എനി–
ക്കേകണേ അനുഗ്രഹം...അനുദിനവും..(ശ്രീഗുരു....)
ഹരിയെന്നൊരക്ഷരം എൻ
വിരലിൽ പിടിച്ചു മോദാൽ
അരിതന്നിൽ എഴുതിച്ച ഗുരുവരനെ
ത്വരിതം ഭവൽ ചരണ യുഗളമിന്നതി ഭക്ത്യാ–
കരുതിനമിച്ചീടുന്നേൻ കരുണാകരാ..(ശ്രീഗുരു..)
ഏതു സദസ്സിലും നിൻ മോദം ലഭിച്ചുവെന്നാൽ
ഖേദമില്ലൊരുവനും ഒർത്തിടേണം
വേദശാശ്ത്രങ്ങൾ പുരാണേതിഹാസങ്ങളിലും
ആദിവിധി ഇതല്ലയോ സുഗുണനിധേ..(ശ്രീഗുരു..)
നല്ലതീരുമാനങ്ങൾ ചൊല്ലുവാൻ എനിക്കിന്നു
വല്ലഭ അരുളേണം അഗതിയെന്നിൽ
അറിവില്ലാത്തൊരുനാളിൽ ചെയ്തുപോയപരാധം
അഖിലവും ക്ഷമിക്കണേ ഗുരുനാഥാ..(ശ്രീഗുരു..)



ശ്രീരാമകൃഷ്ണാ ഗുരോ... ദേവ ദേവേശാ..
ശ്രീരാമകൃഷ്ണാ ഗുരോ...(ശ്രീരാമ.....)

താവകപാദപത്മേ ലീലാമാനസനായി
മേവുവാൻ കൃപയെന്നിലേകണേദയാസിന്ധോ
(ശ്രീരാമകൃഷ്ണാ)
രാമനായതും നീയേ കൃഷ്ണനായതും നീയേ...
രാമനായതും രാമകൃഷ്ണനായതും നീയേ..
കോമളാകൃതിപൂണ്ട വാമനനായതും നീ..
(ശ്രീരാമകൃഷ്ണാ)
വിഷ്ണുവായതും നീയേ ശങ്കരനായതും നീ
ശാസ്താവായതും ബുദ്ധൻ കാളിയുമായതും നീ..
(ശ്രീരാമകൃഷ്ണാ)
അമ്മയായതും നീയേ അച്ഛനായതും നീയേ...
പ്രേമസ്വരൂപിയാകും ആചാര്യനായതും നീ..
(ശ്രീരാമകൃഷ്ണാ)
സർവ്വഭൂതങ്ങളേയും നിന്മയമായിക്കണ്ട്...
ചൊവ്വോടെയുപാസിപ്പാൻ എന്ന് കൈവരും നാഥാ
(ശ്രീരാമകൃഷ്ണാ)
ഞാൻ ചെയ്തോരപരാധം സർവ്വവും ക്ഷമിച്ചു നീ...
പാലയാനിശം സർവ്വം ദേവ ദേവീസ്വരൂപം
(ശ്രീരാമകൃഷ്ണാ)



ഗുരുവരാനിൻ കഴലിണയിൽ പരിചിനോടു ചേരാൻ
അരികമോദമേകാൻ
വരുവതിനായ് അനുഗ്രഹിക്കൂ പരമഗുരുവരനേ..
(ഗുരുവരാനിൻ)
പലനാളായി വരകളെല്ലാം ലിപികളായിത്തീർന്നു
അത് സരസമൊത്തു ചേർന്നു
വരുവതിനായ് അനുഗ്രഹിക്കൂ പരമഗുരുവരനേ..
(ഗുരുവരാനിൻ)
പാവനമായ് പാദപത്മം സേവചെയ്തിടുന്നേൻ
അതിനാശയോടു നിന്നേൻ
ബാലകരാം ഞങ്ങളിലും മേലിലും കൃപയേകാൻ..
(ഗുരുവരാനിൻ)

ഗുരു



എൻ ഗുരു പാദപത്മം നമോ
ബ്രഹ്മവിദ്യാ പ്രദീപം
കൊളുത്തി ഒരുതിരി അടിയനു തിരുവടി...(എൻ ഗുരു..)
ഓം എന്ന മണി മന്ത്രം ആരംഭശുനോളിൽ
ദീപസാക്ഷിയായ് നാവിൽ എഴുതി തന്നൊരു
ദിവ്യൻ...(എൻ ഗുരു..)
കണ്ടതായ് ഒരുദിവ്യ ഗുരുദേവ പരമാത്മാ
ദിവ്യ പ്രചോദനത്തിൻ ത്രിപ്പദങ്ങൾ
സേവന ഗുണശീലൻ പാവന പരിശീലൻ
ദേവ ദേവ ഗുരുവേ പാഹി നമോ നമസ്തേ...(എൻ
ഗുരു..)




ശിവഗിരി അമരും ഗുരു ദേവാ..
ശരണാഗത പാലനാം ശ്രീലോലാ..(ശിവഗിരി...)
തവപാദം തേടും ദാസൻ ഞാൻ
അഴലാകെ തീർത്തെൻ ശ്രീഗുരോ..
പരനേ പരനേ ഗുരുനായകനെ..(ശിവഗിരി...)
അഴലാകും പാപം കൂടുന്നേൻ
ഇടയാകും മുൻപെൻ ശ്രീഗുരോ
വരമേകിടണേ ഗുരു നായകനേ..(ശിവഗിരി...)



മാതാ പിതാ ഗുരു ദൈവം പാരിൽ
ലോകമെല്ലാം അറിയും പൊരുളായ് വാഴ്ക്കും
മന്ത്രം മന്ത്രം മന്ത്രം..... (മാതാ..)

അമ്മയും നീയേ അച്ഛനും നീയേ
അഖിലചരാചര ദേവനും നീയേ..
ഈശ്വരൻ നീയേ ഈശ്വരി നീയേ
അദിയും അന്തവും ദൈവവും നീയേ..(മാതാ..)

ഒരുനാൾ ജനിക്കും ഒരുനാൾ മരിക്കും
ഒരുനാൾ ജീവിത കഥയിതു തുടങ്ങും
ഒരുനാൾ ഭൂവിൽ ജാതനായ് തീരും
പലനാൾ കുടിലിൽ കുടികൊള്ളും...(മാതാ..)



സത് ഗുരു ദേവ നീ എന്നേക്കുമായെന്നിൽ
വന്നുവിളയാടേണേ എൻ ഗുരുവേ
എൻ പര ദൈവമേ എന്നെന്നും വഴ്ത്തുവാൻ
എന്നിൽ വിളയാടനെ...ദേവാ (2)....(സത് ഗുരു..)
നിൻ സ്തുതി വഴിപോലെ ഞാൻ പാടിടുന്നേൻ
എൻ ഗുരു മനതാരിൽ വരുവായേ
ഹരിയെന്നൊരക്ഷരത്തെ അരിതന്നിൽ എഴുതിച്ച(2)
ഹരിയേ ഗുരുവേ കൃപയരുളേണേ
നിൻ സ്തുതി പാടും ബാലരാം ഞങ്ങൾ നിൻ-
സ്തുതി പാടിടുന്നേൻ...ദേവ
നിൻ സ്തുതി പാടിടുന്നേൻ....(സത് ഗുരു..)



പരമാനന്ദമാം ശ്രീ ഗുരുവേ ജയ
പരമഷക്ഷരാം അടിയരിൽ വരമരുൾ...
പരമാനന്ദമാം ശ്രീ ഗുരുവേ.....
തവ...പാദാംബുജം അനുദിനം നമിക്കുന്നേൻ(2)
കരുണചെയ്കാ ഒരു കൃപയടിയരിൽ (തവ...)
ശ്രീ...പാദഗതി അടിയനിലനുദിന..ഓംകാരജയ-
പരമഗുരുവരാ(2)
പരമപാദഗതി വരമരുൾ അടിയനിൽ-
ഏകിടുക മോദമൊടു വരമരുൾ...(2)...
(പരമാനന്ദമാം.....)
ദിനവും നിൻ തിരു..നാമങ്ങളുച്ചരിക്കാൻ
കാരുണ്യമുദിക്കേണം ദീനദയാപരാ....(2)
ശ്രീ...പാദഗതി അടിയനിലനുദിന..ഓംകാരജയ-
പരമഗുരുവരാ(2)
പരമപാദഗതി വരമരുൾ അടിയനിൽ-
ഏകിടുക മോദമൊടു വരമരുൾ...(2)...
(പരമാനന്ദമാം.....)



സത്ഗുരു നാഥനേ വാ വാ വാ
സച്ചിദാനന്ദഗുരോ വാ വാ വാ-
ചൈതന്യ രൂപനേ വാ വാ വാ
ചിന്മയ രൂപനേ വാ വാ വാ-
ശ്രീനീലകണ്ടഗുരോ വാ വാ വാ
ശ്രീരാമദാസഗുരോ വാ വാ വാ-
ആത്മാഭിരാമഗുരോ വാ വാ വാ
കരുണാമയനേ വാ വാ വാ-
കാരുണ്യമൂർതിയേ വാ വാ വാ
രാമസ്വരൂപനേ വാ വാ വാ-
രാമാവതാരഗുരോ വാ വാ വാ
മാരുതി രാജഗുരോ വാ വാ വാ-
ആഞ്ജനേയ ഭക്തഗുരോ വാ വാ വാ
ആശ്രിതവത്സലനേ വാ വാ വാ-
ഓംകാരനാഥഗുരോ വാ വാ വാ
കനകാംബരനേ വാ വാ വാ-
ശ്രീസത്യാനന്ദഗുരോ വാ വാ വാ
ശ്രീനീലകണ്ടഗുരോ വാ വാ വാ-
പട്ടാഭിരാമഗുരോ വാ വാ വാ



ശ്രീരാമകൃഷ്ണാ വിവേകാനന്ദാചാര്യാ
നിർമ്മലാനന്ദ ഗുരോ
തവ ദാസരാം ഞങ്ങളേ
നേർവഴികാട്ടണം
ഭാസുരമൂർത്തേ വിഭോ..(ശ്രീരാമ...)
ബാലകരാം ഞങ്ങൾക്കാലംബനം തവ
കാലിണയല്ലാതില്ലേ
ജഗത്പാല-കാലാ വിളംബനം കൂടാതേ
ചാലേ കടാക്ഷിക്കണേ..(ശ്രീരാമ...)
ദുർവിഷയങ്ങളിൽ മാനസം പോകാതേ
സർവദാ സർവ്വകാലം
ചാരു സർവാംഗ സുന്ദരമായ പുമേനിയിൽ
ചിത്തം ലയിപ്പിക്കണേ..(ശ്രീരാമ...)
പുണ്യ പുരമാകും കാവാർപുരം തന്നിൽ
ഉണ്ണിയായ് പുണ്യ ജന-
മനക്കണ്ണിണക്കേകും അമൃതിനേ നൽകിയ
വിണ്ണനർ നാഥാ വിഭോ.....(ശ്രീരാമ...)
എന്തിനായോ ജന്മ കാലമെടുത്തതിൽ
കിട്ടിയ മർത്ത്യ ജന്മം
അതു സത്യമല്ലന്നോർത്തു സത്യസ്വരൂപനേ
നിത്യം ഭജിമനമേ.....(ശ്രീരാമ...)


ശിവൻ



മുപ്പുരാരേ പരമേശ്വരാ ത്രിപ്പുരുംതുരൈ
സുപ്രസന്നനായ് സപ്രമോദം വാണിടും ദേവാ
ദർപ്പകാരേ സർപ്പഭൂഷണാ ഭക്തലോകർക്കു
കൽപ്പശാഖിയതായ ഭൂദേശാ.....(മുപ്പുരാരെ...)
നീലകണ്ഠാ കരുണാ സിന്ധോ ...കൈതൊഴാം നിന്നെ
കാത്തുകൊള്ളുക ഫാലലോചന പാർവതീകാന്താ
കാളവാഹനനായ നിന്നുടെ വേളിയും കാളിയോടൊപ്പം
മേളമോടേ വാഴണമെന്നിൽ നാളെയാട്ടെന്നൊരു
നീളുമവധിനിനച്ചു നീട്ടരുതേ.....(മുപ്പുരാരെ...)
നിൻ തിരുപ്പാദവും മൂർദ്ധാവും കണ്ടുകൊൾവാനായ്
രണ്ടു മൂർത്തികളെന്തുബൈദ്ധപ്പാടുചെയ്തിട്ടും
അന്തമില്ലെന്നതായ് കണ്ടവർ
പിന്തിരിഞ്ഞെന്നതോർക്കുബോൾ
എന്തൊരൽഭുതമാണു നിൻ
മഹിമ...വർണ്ണിച്ചുപറവതൊരു
അന്തനും അനന്തനും പണിയാ.....(മുപ്പുരാരെ...)
പാർഥനുടെ തല്ലേറ്റു മൂർദ്ധാവും പൊട്ടിയെന്നാകിലും
പാശുപാശ്ത്രവും വരവും നൽകി ഭവാൻ
പാർപ്പിടം പരിചോടിളക്കിയ ദൂർദ്ധനു നീ വരം നൽകി
ഓർത്തിടുന്നില്ലിവനുടേകാര്യം സങ്കടം തീർത്തു..
കാത്തുകൊള്ളുവാൻ
കൈവണങ്ങുന്നേൻ.....(മുപ്പുരാരെ...)



ശിവ ശിവ മഹേശാ ശംഭോ
ശ്രീ നീലകണ്ഠാ
ശിവപാദം വണങ്ങീടുന്നേൻ.... (ശിവ ശിവ..)
ശിവനല്ലാതെ ഇല്ലെങ്ങും ശിവനെ ഒർപ്പിനെല്ലാരും
ശശികലാധരാ ശംഭോ പശുപതേ ദയാസിന്ധോ ....
(ശിവ ശിവ..)
പുലിത്തോലും അരയിൽ ചാർത്തി അസ്ഥിമാലകൾ
കഴുത്തിലാഭരണമാക്കി.....
ജലത്തേ നിത്യവും താങ്ങിയിട്ടിരിക്കും നീലകണ്ഠന്റെ
കാൽത്തളിർ കഴുകാൻ എനിക്കൊരു മാത്രയേകുക
തൽക്ഷണത്തിൽ .... (ശിവ ശിവ..)
പെരുത്ത ഭക്തിയാലസുരൻ വരുത്തിവെച്ചുസേവിച്ച
സൂര്യകാന്തി കലർന്ന സുന്ദര രൂപമാശു ഭജിച്ചിടുന്നേൻ
... (ശിവ ശിവ..)
തിരുനാഗങ്ങളാനി വാസാ
ശ്രീ പരമേശാ
തിരുനാമം സദാ തോന്നണേ
തിരുവില്ലെങ്കിലും അങ്ങേ ചരിതം രാപകൽ ഓതാൻ
തിരുവുതരിക ത്രിലോചനാ ത്രിപുരാന്തകാ–
ശ്രീ ലാസ്യ വർണ്ണാ..... (ശിവ ശിവ..)



ഓച്ചിറേ വാഴുന്ന വിശ്വംബരൻ തന്റെ
കൽത്തളിർ കുമ്പിടുന്നേൻ.. സ്വാമി
ഇച്ചയോടേ മോക്ഷം നൽകിടണേ തിരു
ഓച്ചിറേ വിശ്വനാഥാ.. (ഓച്ചിറേ..)
രാവും പകലും അണയാത്ത ദീപങ്ങൾ
അൽത്തറ തന്നിലുണ്ട്... സ്വാമി
ചുറ്റു വിലക്കുണ്ട് മഹാലഷ്മിക്കാവുണ്ട്
കൽച്ചിറ ഉണ്ടവിടേ.... (ഓച്ചിറേ..)
കാലില്ല കയ്യില്ല നാക്കില്ല മൂക്കില്ല
കണ്ണില്ലാതുള്ളവരും...സ്വാമി
അവർ... വല്ലവിധത്തിലും ഓച്ചിറേയെത്തിയാൽ
പിന്നെയവർക്കു സുഖം.. (ഓച്ചിറേ..)
എത്ര സ്ഥലമിതിനോടുപമിച്ചാലും
നിഷ്ഫലം പോലയല്ലേ...സ്വാമി
ചിത്തത്തിലോർത്തു ഭജിക്കുന്നു ഞങ്ങൾ
നിത്യവും നിന്റെ നാമം.. (ഓച്ചിറേ..)



പരമ പദം നൽകും പൊരുളേ
ദേവ പരമേശ്വരാ ദേവ പരമേശ്വരാ
അടിയങ്ങൾ തിരുപ്പാദം തേടി
അലയുന്നു പരമേശ്വരാ
കൽമഷമെല്ലാം തീർത്തരുളേണം പാർവതീശ്വരാ
ഭക്തർക്കെല്ലം മുക്തി കൊടുക്കും
പരമാനന്ദ മഹേശ്വരാ...(പരമ..)
ആയിരമായിരം സുരമുനി പൂചിതർ
സുരമയരായി മേവുന്നു
അറിവിന്റെ നിരകുടം കരുണാ മയമാക്കി
മനസ്സിൽ നിറക്കേണം ദേവ
മനസ്സിൽ നിറക്കേണം.....(പരമ..)
ജീവിത ദുഖങ്ങൽ വന്നു നിറയുമ്പോൾ
സാന്ത്വനമേകീടണം.....ഭവാൻ
സങ്കട സാഗര ചുഴിയിലിറക്കാതെ
കരുണാ മയമേകണം ദേവാ
കരുണാ മയമേകണം .....(പരമ..)

ॐ



അനുതാപം വളരുന്നു
മനമാകെ പിടയുന്നു
അരുതീവിധമഗതിക്കൊരു
ഗതിയേകുക ഭഗവൻ

മോഹങ്ങൾ പെരുകുന്നു
ദേഹമിതോ തളരുന്നു
ആരുണ്ടിവനവലംബം
നീയല്ലാതുലകിൽ

സുകൃതത്തിൻ ബലമില്ല
പ്രകൃതത്തിൻ മികവില്ല
ദുരിതക്കടൽ നീന്താൻ നിൻ
കൃപതൂവുക ശിവനേ

പരമാർപ്പണ ഭാവത്തിൻ
പൊൻകിരണ പ്രഭതൂകി
ഭവരോഗത്തിമിരത്തിന്നിരുൾ
നീക്കുക ശിവനേ

ഹരശങ്കര ശിവശങ്കര ഭവശങ്കര ഭഗവൻ
ശിവശങ്കര ഹരശങ്കര ഭവനാശക ഭഗവൻ

ശിവൻ




ശരണം പർവ്വതീ കാന്തനേ...കൈലാസ
ഗിരിവാസനേ..ശ്രീനടരാജനേ...(ശരണം....)
സുരരും മാമുനിമാരും ആദരിക്കും ദിവ്യനെ
പരനെ തണ്ടവമാടും ഹരനെ ചിദംബരനെ...(ശരണം..)
നേർത്തോരു പുലിത്തോലും ചീർത്ത പാമ്പും ഗംഗയും
കോർത്തൊരസ്ഥിമാലയും...അർധചന്ദ്രക്കലയും
ചാർത്തിടും മുക്കണ്ണനെ ഭക്തമാർക്കണ്ഡയ്യനെ
ശത്രുസംഹാരമൂർത്തേ സദാം ശ്രീ നമസ്തേ...(ശരണം..)



ത്രിപ്പെരുംതുറയ് ദേവാ
ചൊൽപ്പെങ്ങും മുപ്പുരാരേ
ത്രിപ്പാദം കയ്വണങ്ങുന്നേൻ
പാർവതീകാന്താ..
മൽപ്പാപം അകറ്റീടണേ..(ത്രിപ്പെരും..)
ദർപ്പകനാശനാ സർപ്പവിഭൂഷണാ
ഭഗ്തജനത്തിനു തൽപ്പമായീടുക
സ്വൽപ്പവും വൈകീടരുതേ
വരമടിയനു തരുവാൻ...
എപ്പോഴും ഭജിച്ചീടുന്നേൻ(2)..(ത്രിപ്പെരും..)
കാലന്തകനേ കമലാസനേ നീ വന്നീതാ
മാലൊഴിച്ചടിയനേ നീ
കാത്തുകൊള്ളേണേ...
ഫാലലോചനാ ശങ്കരാ..(ത്രിപ്പെരും..)
കൈലാസാചല വാസജ പത്മജ
അവലംബം ഗതി അവലംബം നഹി
നീലലോഹിതാ ദൈവമേ
നിരുപമഗുണനിലയാ...
നീലകണ്ഠാകാത്തുകൊള്ളണേ(2)..(ത്രിപ്പെരും..)
ത്രിക്കാലുഭജിച്ചോരു മാർക്കണ്ടേയനായുസ്സ്
ദീർഘമായ് നൽകിയോരീശാ
മൃത്യുനാശനാ തീർക്കണേ എന്നേറദുഖങ്ങൽ
ദുഷ്കൃതി ചെയ്വതിനുൾകമലത്തിലൊരിക്കലും-
ആശജനിക്കരുതതിനായ്-
ത്രിക്കൺപാർത്തരുളണമേ
മുപ്പുരാരീശാ
ത്രിക്കൺപാർത്തരുളണമേ(2)..(ത്രിപ്പെരും..)



ത്രിപുരാന്ത ത്രിവിലോചനാ
ഇതിലൊരു പോതും മനതാരിൽ നീ
കാത്തുകൊള്ളണേ...(ത്രിപുരാന്ത...)
ദേവ പാർവതീശാ വിട നൽകാനായ്
മതിതെല്ലു പോലും കുറയാതെ പാടീടം...(ത്രിപുരാന്ത...)
ഇടയാർന്ന മലർപ്പാദം താണുകുപ്പാൻ..
ഗുണമണയാതെന്നും നടമാർന്നിടാനായ്
ഇടയാർന്ന മലർപ്പാദം താണുകുപ്പാൻ..
ഗതി താ ഗതി താ
ഗതിതാ ഗതിതാ..ദേവാ...(ത്രിപുരാന്ത...)



ശംഭോ കൈലാസ വാസാ ശങ്കരാ
ശങ്കരാ..... (ശംഭോ....)
ആദിപരാത്പരനേ പരമേശ്വരാ
ആശ്രിതവത്സല ജഗദീശാ
അവിടുത്തേ തിരുനാമങ്ങൾ ഭജിക്കുവാൻ
ശക്തിതരേണേ എഴ്കൾക്ക്(ശംഭോ....)
ചന്ദ്രക്കലയും ഗംഗയുമൊരുപിടി-
മുടിയിൽച്ചൂടിയ ഭഗവാനേ...
അവിടുത്തേ തിരുനാമങ്ങൾ ഭജിക്കുവാൻ
ശക്തിതരേണേ എഴ്കൾക്ക്(ശംഭോ....)



ഗംഗാധരാ ഗംഗാ വല്ലഭ എൻ
ഇങ്കിതം നിൻപാദ പൂജയല്ലോ...(ഗംഗാധരാ...)
ബ്രഹ്മാണ്ഡ ബിംബമേ നാദബ്രഹ്മമേ
ഓം നമഃശിവായ സാഗരമേ..(ഗംഗാധരാ...)
നെഞ്ചിൽ നിറഞ്ഞീടും പഞ്ചാക്ഷരസ്വരമേ
പഞ്ചബാണനേ കൊന്ന പരമേശനേ...(ഗംഗാധരാ...)
നെഞ്ചകത്തെപ്പൊഴും തിരുനാമമോതാൻ
ശങ്കരാ കനിയേണേ കരുണാ നിധേ...(ഗംഗാധരാ...)
അമ്പിളി കലചൂടും തമ്പുരാനേ നിൻറെ
അമ്പലനടയിൽ ഞാൻ കുമ്പിടുന്നേൻ...(ഗംഗാധരാ...)

ശിവൻ



പാഹിമാം പരമശേഖരാ കൈലാസേ വാഴും
നാഥനേ നിൻ പാദം തൊഴുന്നേൻ...(പാഹിമാം...)
അസ്തിമാലയണിഞ്ഞോനേ അത്തൽ തീർത്തു
രക്ഷിപ്പോനേ
അർജുനനു പാശുപാസ്ത്രം ആദിതീർപ്പാൻ
കൊടുത്തോനേ...(പാഹിമാം...)
സേവകൊണ്ടു ബാണൻ തന്റെ ഗോപുരത്തേ കാത്തു
പാർത്തു
വാസുദേവനോടു ഏവം പോരിനാശു
മുതിർന്നോനേ...(പാഹിമാം...)
കാല കാല മഹാദേവാ കാളമേഘനിറം പൂണ്ട
നീലകണ്ടാ സാദരം ഞാൻ
നമിക്കുന്നേൻ...(പാഹിമാം...)
കാളതന്റെ കണ്ടമേറി മേളമോടെ നടകൊള്ളും
നീലകണ്ടാ ഞങ്ങളുടെ
മാലുകളൊഴിച്ചീടണേ...(പാഹിമാം...)
അന്തകനണയും നേരം നിന്തിരുവടിയല്ലാതേ
എന്റെ പാപം കൈകൊണ്ടു സന്തതം
പരിപാലിക്കായ്...(പാഹിമാം...)



ആരറിയുന്നു സച്ചിദാനന്ദ സ്വരൂപനേ
ഈശാനിൻ മഹിമകൾ എല്ലാമെല്ലാം
മോഹമതാർന്നതീരം
തീരം കടന്നീടുവാൻ
ഏതൊരുകാലമെനിക്കീശായീശാ..(ആരറി..)
പരമേശ്വരാതവ ഭജനമാജരിക്കുവാൻ
ഒരുവരും തുണയില്ലേ പോറ്റീ പോറ്റീ
ഒരുവരുംതുണയില്ലാതലയുമെൻ കദനങ്ങൾ
അകലപ്പോയ് മറവതോ എങ്ങോ എങ്ങോ..(ആരറി..)



പരമേശ്വരാ പാഹിമാം ദയാനിധേ
ജഗദീശ്വരാ...ദീന ജനരക്ഷകാ....
ശരണം.....(പരമേശ്വരാ...)
ത്രിപ്പുരുംതുറയ് വാസനേ...മഹേശനേ..
തിരുനീലകണ്ടനേ....ഗതിവേറില്ലഭയംതാ...(2)
.....(പരമേശ്വരാ...)
കരകാണാതുഴലുന്നോരടിയങ്ങളിൽ തവ
തിരുനാമാമൃ-തമോതാൻ അറിവേകനീ.....
ഗതിവേറില്ലഖിലേശ്വരാ....
തവദാസരിൽ കനി....യേണം
സമയം കളയാതേ....
.....(പരമേശ്വരാ...)

ശിവൻ



ഏറ്റുപറയുന്നേൻ എല്ലാമെല്ലാം ഏറ്റുപറയുന്നേൻ
എന്തിനുമേതിനും ഏനെന്റെ ദൈവം ഏറ്റുമാനൂരപ്പനേ
ഏഴരപ്പൊന്നാനമേലേറിവരും ഏറ്റുമാനൂരപ്പനേ
ഏഴകൾക്കെന്നെന്നും ഐശ്വര്യമേകണേ
ഏറ്റുമാനൂരപ്പനേ
....(ഏറ്റുപറയുന്നേൻ....)
ശംഭോ മഹാദേവ ശംഭോ.. ശങ്കരാ
സുന്ദരേശ്വരാ..പ്രഭോ...(2)
എത്രയോ ജന്മങ്ങൾ താണ്ടി വരുന്നേരം ഏറ്റുമാനൂരപ്പനേ
ഏറിടും ദോഷങ്ങൾ ഏറ്റെടുക്കേണമേ ഏറ്റുമാനൂരപ്പനേ
ഈരേഴു ലോകങ്ങൾ നിന്നേനമിക്കുന്നു ഏറ്റുമാനൂരപ്പനേ
ഏനനേറപ്രാർത്ഥന ഇന്നങ്ങു കേൽക്കണേ
ഏറ്റുമാനൂരപ്പനേ..(എത്രയോ...)
ശംഭോ മഹാദേവ ശംഭോ.. ശങ്കരാ
സുന്ദരേശ്വരാ..പ്രഭോ...(2)
ചിത്തത്തിൽ എന്റെ ചിത്തത്തിൽ എന്റെ കണ്ടത്തിൽ
ശുദ്ധി തെളിഞ്ഞു വരേണമേ ഏറ്റുമാനൂരപ്പനേ
നാവിതിൽ പഞ്ചാക്ഷരമുണർന്നീടണേ ഏറ്റുമാനൂരപ്പനേ
സത്യമായ് ധർമ്മമായ് എന്നിൽ വിളങ്ങണേ
ഏറ്റുമാനൂരപ്പനേ
സർവ്വദോഷങ്ങളേ തൃക്കണ്ണാൽ മാറ്റണേ
ഏറ്റുമാനൂരപ്പനേ
(...ഞങ്ങടേ ചിത്തത്തിൽ ശുദ്ധി....)
ശങ്കരാ മഹാദേവാ ചന്ദ്രചൂഡ കലാധരാ
ശ്രീനീലകണ്ടാ പാർവതീശാ ചന്ദ്രചൂഡ കലാധരാ
(ഹര ഹര...ശങ്കരാ...)
ഭസ്മ വിഭൂഷിത നാഗഭൂഷണ ചന്ദ്രചൂഡ കലാധരാ-
(..ശങ്കരാ...)
വിലദളപ്രിയ സാംബ സദാശിവ ചന്ദ്രചൂഡ കലാധരാ
ഡമ ഡമ ഡമരുഗനാദം ...ഓ... ഓ ....(ഡമ...ഡമ..)
കൈലാസനാമ പ്രവാഹം....
പരമേശ്വരാ പരമേശ്വരാ പരമേശ്വര നാമ പ്രവാഹം
ഭജമിന്നീ വാദ്യവിനോദം..ഭജ...ഭജ...(2)
ശിവ താണ്ഡവനർത്തന ലോലം
(പരമേശ്വരാ....)
ഡമ ഡമ ഡമ ഡമ ഡമ ഡമ ഡമ ഡമ ഡമ ഡമ ഡമ
ഡമ ഡമ ഡമരുഗ നാദം
കൈലാസനാമ പ്രവാഹം....
പരമേശ്വരാ പരമേശ്വരാ പരമേശ്വര നാമ പ്രവാഹം
(..ശങ്കരാ...)

ഓം നമശിവായോ ഓം നമശിവാ
ഓം നമശിവായോ ഓം നമശിവാ
ഓം നമശിവായോ ഓം നമശിവാ
ഓം നമശിവായോ ഓം നമശിവായാ
ഹര ഹര പോലേ നമശിവായാ
തിരുനക്കരേശാ നമശിവായാ
ഏറ്റുമാനൂരപ്പാ നമശിവായാ
വൈക്കത്തപ്പാ നമശിവായാ
ശംഭോ രുദ്ര മഹാദേവ...ശിവ.ശിവ..
ശങ്കര രുദ്ര മഹാദേവാ...
ശിവ ശിവ രുദ്ര മഹാദേവാ...
ഹര ഹര രുദ്ര മഹാദേവാ...
നമശിവായോ ഓം നമശിവാ
നമശിവായോ ഓം നമശിവാ
നമശിവായോ ഓം നമശിവാ
നമശിവായോ ഓം നമശിവാ
നമശിവായോ ഓം നമശിവാ
നമശിവായോ ഓം നമശിവാ

സുബ്രഹ്മണ്യൻ




ഷന്മുഖനെ ശരണം..കൃപയെന്നിൽ
തവാ...വരണേ.. (ഷന്മുഖനെ....)
ഈശൻറെ പുത്രനായ് ആശു ജനിച്ചു നീ..
മോശം വരാതെന്നെ
കാത്തുകൊള്ളേണമേ..(ഷന്മുഖനെ..)
കാവടിയും കരത്തിൽ ഒരു ചൂരലുമായിഹ ഞാൻ
കാമക്രോധാലോഭമൊഹങ്ങളൊക്കെയും
സാമോദം നീക്കി ഭജിക്കുന്നേൻ സാദരം..(ഷന്മുഖനെ..)
നീലമയിലേറുവോം.. കയ്യിൽ വെലയുധമുള്ളവനെ
കാലൻ വന്നീടുമ്പോൾ നീയേഗതിയുള്ളു..
ബാലൻ ഞാനല്ലയോ പാലിക്കണേ
സ്വാമി...(ഷന്മുഖനെ..)
വള്ളിതൻ കല്യാണത്തിൻ വേണ്ട കള്ളമെടുത്ത ദേവാ
വേടനായ് വന്നതും വൃക്ഷം മറഞ്ഞതും
യോഗിയായി പിന്നെ വിവാഹം കഴിച്ചതും...(ഷന്മുഖനെ..)



ആശ്രിതർക്കെന്നുമൊരാശ്രയമേകുന്ന
വിശ്രുത കോമള വിഗ്രഹമേ....
ആശ്രയം നീയല്ലതാരുണ്ടേഴക്കു
ആശ്രിത വത്സലാ നീ അരുൾ വായ്....(ആശ്രിതർ..)
ആറാനനമുള്ള ദേവ മഹാമതേ
ആറുരണ്ടക്ഷികളുള്ളവനേ
ആശ്രയം നീയല്ലാതാരുണ്ടേഴക്കു
ആശ്രിത വത്സലാ ശ്രീ മുരുകാ....(ആശ്രിതർ..)



മയിലേറി വാ ദൈവമേ...സ്വാമി
മയിലേറി വാ മുരുകാ വേലായുധം ധരിച്ചു വാ
വാ.. (മയിലേറി.....)
ഒരു കണികാനുവാനായ്
ഒരു മൊഴി കേൾക്കുവാനായ്
എത്രനാൾ അടിയൻ തപസ്സിരുന്നു...(മയിലേറി...)
തീരാത്ത കണ്ണുനീരിൻ കഥകൾ പറയാം
ദാസനല്ലേ ഞാൻ...(മയിലേറി...)



നർത്തന മയിലേറി നർത്തന മണിചിന്തും
കാർത്തിക ജഗൽ ദീപമേ..എൻ ദേവാ..(നർത്തന...)
ആടിക്കൊണ്ടകതാരിൽ ആണ്ടിരിപ്പായ്
ചേർക്കതെൻ മനതാരിൽ തീർത്തിടാം
ഉമരേശാ.....(നർത്തന...)
പൊന്നംബലേശാ തൻ ധന്യനാം മകനേ ഞാൻ
പൊന്നണി തിരുപ്പാദം പാടിടാം
മുരുകേശാ....(നർത്തന...)



വള്ളീ മണാളനേ എൻ ദേവാ
പുള്ളിമയിൽ മീതിലേറി വാ വാ...(വള്ളീ...)
തെൻ പളനി അണ്ടവനേ വേലായുധാ മുരുകാ
ഒതിടും വേദ വാക്യഗീതം
സമ്മോദം പാടിടുന്നു മോദാൽ...(വള്ളി...)
കോർത്താ കടംബു മലർ മാല അണിഞ്ഞു ചെമ്മേ
കാർത്തിക പെൺകളോടു കൂടി
കീർത്തി പരാത്പരനേ ദേവാ.....(വള്ളി...)



വള്ളിക്കു മണവളനായ്
പളനിക്കുദയ സൂര്യനായ്
ജ്വലിക്കും ദണ്ഡപാണിയേ... ഹൃത്തടത്താൽ
സ്തുതിക്കാം കാർത്തികേയനേ.. (2)

പാടിയ ഗാനങ്ങൾ മഹിമനിറയും കവിതകളായ് (2)
നീയല്ലോ അവനിയതിൽ പരമഗുണം തന്നവനേ..
ജ്വലിക്കും ദണ്ഡപാണിയേ... ഹൃത്തടത്താൽ
സ്തുതിക്കാം കാർത്തികേയനേ.. (വള്ളിക്കു..)

ഉഴുതാൽ പൊൻവിളയും മണ്ണിൻറെ പൊൻ
വിളക്കേ (2)
അണച്ചാൽ അണഞ്ഞിടാത്തൊരദിശയത്തിൻ
മണിവിളക്കേ
ജ്വലിക്കും ദണ്ഡപാണിയേ... ഹൃത്തടത്താൽ
സ്തുതിക്കാം കാർത്തികേയനേ.. (വള്ളിക്കു..)

സുബ്രഹ്മണ്യൻ



വള്ളിതൻ രമണാ മനോഹര മോഹന
പളനിയിൽ അധിവാസാ.....മുരുകാ..(വള്ളി...)

ഉറ്റവർതൻ മഹിമയ് ശുഭശീലാ
സച്ചിദാനന്ദ പര പഴനിവാസാ...മുരുകാ..(വള്ളി..)

ജ്യോതിസ്വരൂപാ ജ്യോതിസമൂർത്തേ
ജഗൽനാഥ സോദരനേ വരമരുൾകാ
സുരളിത ശുഭശീല ജ്ഞാനദൈവമേ
കനിവെന്നിൽ കളിയാടി നടമാടിവാ മുരുകാ.(വള്ളി..)



മോഹനനേ മയിൽ വാഹനനേ
ആനന്ദമണയുവാൻ പണിന്തിടുന്നേൻ
പാദം...(മോഹനനേ..)

ആറണിത്തോൻ സുധനേ ആറുമുഖനേ
ആരാധനപ്പൊരുളേ ആദി നാഥനേ
ആശ്രിത വത്സലനേ കാർത്തികേയനേ
നിത്യം കാണുവതിനായ് വരമേകിടേണേ
...(മോഹനനേ..)

എങ്കും വിളങ്ങുവോനേ പങ്കജാക്ഷനേ
മംഗള ദായകനേ ആണ്ടവനേ
കുങ്കുമ വർണ്ണനേ ശ്രീ പളനി വാസാ
മനഃഅപങ്കമകറ്റി നിത്യം-
കാത്തുകൊള്ളണേ...(മോഹനനേ..)

ശിവനിക്കും പർവതിക്കും സുനുവായി
താരകാസുരവധം ചെയ്യവനേ
പന്തിരുക്കയ്യനേ ശ്രീ ശൂലപാണേ
വേലായുധനേ നിത്യം കൈതൊഴുന്നേൻ
...(മോഹനനേ..)



വരുമോ വരം തരുമോ ശ്രീ മുരുകാ ഈ
ഭജനയിൽ നീ....വരുമോ.....
മമദേവാ ദിനവും നിൻ തിരുനാമം-
പാടിടുന്നേൻ
തരുമോ ശരണം അടിയനു നീഗതി
മുരുകാ എൻ മാനസദേവാ...(വരുമോ...)
വേലായുധ മയിൽ വാഹന
തിരുവേൽ വടി ശരണം.....
ശുഭദായക വരദായക
കരുണാമൃത സാഗരമേ...(വരുമോ...)
പരമാത്മാ പൊരുളേ നീ
കനിയായ് തുണയരുളേണേ
വരണേ നീ ശിവ സുതനേ ജയ ജയ
വഴ്ത്തുന്നു തവ ചരിതം ഞാൻ...(വരുമോ...)



നായകനേ വള്ളീനായകനേ
ഹര ഹര ശരണമേ അടിമലർ കുമ്പിടുന്നേൻ....
(നായകനേ)
ചാരണാരവിന്ദമല്ലാതടിയങ്ങൾക്കാശ്രയമായ്
ഒരുവനില്ലുറുമുഖാ അനുഗ്രഹമേകിടുവാൻ
കരുണാകരനേ ദേവാ കാർത്തികേയനേ ഗുഹനേ
ശരവണ ഭവാ ശിവ....ബാലനേ മുരുകനേ....
(നായകനേ)
മായവാഴ്വിനിൽ ലോകേ വഴികാണാതുഴലുമ്പോൾ
കൈവിടാതെ നേർവഴി അരുളേണം ഭഗവാനേ
മയിൽ വാഹനത്തിലേറി വരുവതിനായ് മുരുകാ
കൈകളേ കൂപ്പി സ്തുതി...ഗീതങ്ങൽ പാടിടുന്നേൻ
(നായകനേ)

അയ്യപ്പൻ



ശബരി ഗിരി വാസാ ശരണം
ശരണം വളരേ തരേണേ...(ശബരി...)
പമ്പതൻ തീരത്തേ ബാലാ
അങ്ങേ പന്തള ഭൂപനെടുത്തു
സന്തുഷ്ടിയോടെ വളർത്തിയ രാജൻ
ദേവാ ദേവാ ശരണം പൊന്നയ്യാ...(ശബരി...)
വിസ്മാരമാർന്ന തിരുമാർ അതിൽ
മുത്തുമാലയും ശസ്മി മാലേം
രത്നമാലയും കൗസ്തുഭശ്രീ
നീലപൂംചായലോളം...ദേവാ
മമ മോഹന സുന്ദര രൂപാ...(ശബരി...)
പൊൻ തിരുക്കോവിലിൽ വാസാ
മനോഹരബിംബത്തേ എവർക്കും
നൽകും ശിവസുതാ ശരണം തരണേ
ദേവാ ദേവാ ശരണം പൊന്നയ്യാ...(ശബരി...)ദ



മഹാ കാനന ദേശേ
ശിശു രോദനമേതോ.....
ഘോരമാം പെരും കടുവ കരടികൾ ഇടയിടെ
ഓടീടും
ആ കാനനമതിലൊരു തുണയതിനാരും
കാണുവതില്ലയ്യോ...(മഹാ...)
പിഞ്ചു കരങ്ങളും ആ ഇരുകാലും
തല്ലിയിതാ ശിലമേൽ
ആ കാനനശിൽപി എഴുന്നൊരു ധനുവും
ഗളമതിലൊരുമണിയും.....(മഹാ....)
പന്തള നരപതി ഏവം ചിന്തയിലാണ്ടുടനെ
അവിടേ. . .
ഉത്തമനായൊരു മുനിപുംഗവനും
എത്തി സമീപത്തിൽ...(മഹാ...)
മന്നവ-മകുടമണേ ഈ ശിശു ഒരു മംഗള-
നായതിനാൽ
മന്നവനാക്കി വളർത്തുക മേലിൽ
ഖിന്നത തീർത്തീടും...(മഹാ...)



ആഹാ വനമേ മോഹനവനമേ
ശബരിസന്നിഹ ശിവവനമേ..
ആനന്ദ തിരതല്ലും വനമേ
പീതംബരധര കോമള വനമേ...(ആഹാ...)
മാമലവൃന്ദമതാടി രസിപ്പൂ
കോകിലഗാനം മുകരിതമായ്
മാടിവിളിപ്പൂ ഭക്തജനത്തേ
മാമല കയറാൻ മടിയായവരേ...(ആഹാ...)
കാട്ടാറുകളുടെ കളകളഗാനം
കേട്ടുരസിച്ചു വസിപ്പവനേ
നട്ടാരിവരുടെ ശരണം വിളിയാൽ
മോഹന നൃത്തം വയ്ക്കുകയോ.....(ആഹാ...)
കൊച്ചയ്യപ്പനു നടനം ചെയ്യാൻ
പച്ചവിരിച്ചൊരു പുൽ വനമേ
പച്ചപ്പുടവ നിവർത്തിവിരിച്ചതു
കണ്ടിട്ടാമയിലാടുന്നു.....(ആഹാ...)



ആയിരം ഭക്തന്മാർ പതിനായിരം ഭക്തന്മാർ
ഒന്നിച്ചു ചേരുന്ന പുണ്യസ്ഥലം
പമ്പയാറിന്റെ തീരത്തേ പുണ്യസ്ഥലം...(ആയിരം..)
ആയിരം ദീപങ്ങൾ പതിനായിരം ദീപങ്ങൾ
ഒന്നിച്ചു കാണുന്ന പുണ്യസ്ഥലം
പമ്പയാറിന്റെ തീരത്തേ പുണ്യസ്ഥലം...(ആയിരം..)
മലരണിക്കാടുകൾ മരതകകുന്നുകൾ
ഇടതൂർന്നു നിൽക്കുന്ന പുണ്യസ്ഥലം
പമ്പയാറിന്റെ തീരത്തേ പുണ്യസ്ഥലം...(ആയിരം..)
ആടും മയിലുകൾ പാടും കുയിലുകൾ
ഒന്നിച്ചു കാണുന്ന പുണ്യസ്ഥലം
പമ്പയാറിന്റെ തീരത്തേ പുണ്യസ്ഥലം...(ആയിരം..)

അയ്യപ്പൻ



മായാ മോഹിനി ഓമൽ കുമാരാ
വേലവാ പ്രിയ സോദരാ...(മായാ ..)
ദേവകളെല്ലാം വൻപുലിയായി
പന്തള രാഞ്ജിതൻ തന്ത്രമതാലേ
വന്നു വന്നു പുലിവൃന്ദമതെല്ലം
കണ്ടു പന്തള ഭൂപതി തൊഴുതു
മതിയോളം പുലിപ്പാൽ കറന്നീടുക
മനം കുളിരേകാൻ മരുന്നിനായ്...(മായാ ..)
കപട രാഞ്ജിതൻ രോഗങ്ങൾ തീർന്നു
കരചരണങ്ങളേ കൂപ്പിതൊഴുതു
വരങ്ങളും പ്രീതിയാൽ അരചനു നൽകി
ശബരിമലതന്നിൽ ഇരിക്കാമെന്നോതി.....(മായാ ..)



പണ്ടത്തേ പുണ്യപിതാക്കൾ
കയറിയിറങ്ങിയതവിടാണേ
ശാസ്താവേ ഞങ്ങൾക്കാവഴി
പോകേണ്ടതുമവിടാനേ...
വഴി പൊകെണ്ടതുമവിടാണേ(പണ്ടത്തേ...)
മാമുനിമാർ കൂട്ടം കൂടി കാണുന്നതുമവിടാണേ
ശാസ്താവേ ഞങ്ങൾക്കാവഴി
പോകേണ്ടതുമവിടാനേ...
വഴി പൊകെണ്ടതുമവിടാണേ(പണ്ടത്തേ...)
ദീപങ്ങൾ അണിയണിയായി കാണുന്നതുമവിടാണേ
ശാസ്താവേ ഞങ്ങൾക്കാവഴി
പോകേണ്ടതുമവിടാനേ...
വഴി പൊകെണ്ടതുമവിടാണേ(പണ്ടത്തേ...)
ഹരിഹരസുതൻ വാഴും ഗോപുരമവിടാണേ
ശാസ്താവേ ഞങ്ങൾക്കാവഴി
പോകേണ്ടതുമവിടാനേ...
വഴി പൊകെണ്ടതുമവിടാണേ(പണ്ടത്തേ...)
മാളികപ്പുറത്തമ്മ വാഴുന്നതുമവിടാണേ
ശാസ്താവേ ഞങ്ങൾക്കാവഴി
പോകേണ്ടതുമവിടാനേ...
വഴി പോകേണ്ടതുമവിടാനേ(പണ്ടത്തേ...)
വഴി പോകേണ്ടതുമവിടാനേ...
വഴി പോകേണ്ടതുമവിടാനേ...



സ്വാമിയല്ലാതൊരു ശരണമില്ലാ
സ്വാമിയങ്ങേക്കാണാനായി വരുന്നയ്യപ്പാ (സ്വാമി)

മണ്ഡലവ്രതമെടുത്തു മാലയുമണിഞ്ഞു ഞങ്ങൾ
മാമലകൾ കേറി വേഗം വരുന്നയ്യപ്പാ
ഇരുമുടിക്കെട്ടേന്തി ഏഴുമേലിൽ പേട്ടതുള്ളി
തിരുമേനി കണ്ടുതൊഴാൻ വരുന്നയ്യപ്പാ..
സ്വാമിയേ... അയ്യപ്പോ (3)
സ്വാമിയേ..... ശരണമയ്യപ്പോ (സ്വാമി)

അഴുതാനദികടന്ന് വഴിപാട് ചെയ്തു ഞങ്ങൾ
പെരിയൊരു പേരൂർ തോട്ടിൽ കുളികഴിഞ്ഞു
പമ്പയുടെ തീരമെത്തി പണ്ടുനീപിറന്നുവീണ
പത്മരാഗപ്രഭകണ്ടു പാണികൾ കൂപ്പി..
സ്വാമിയേ... അയ്യപ്പോ (3)
സ്വാമിയേ..... ശരണമയ്യപ്പോ (സ്വാമി)

പതിനെട്ടാം പടിയല്ലോ പരമേശൻ നടയല്ലോ
പരമാനന്ദത്തെ കാക്കും പടവല്ലയോ
കർപ്പൂരദീപം കത്തി കനകമണികിലുങ്ങി
കരുണക്കടലെന്നുള്ളിൽ അലയടിച്ചു
സ്വാമിയേ... അയ്യപ്പോ (3)
സ്വാമിയേ..... ശരണമയ്യപ്പോ (സ്വാമി)



വന്യാമൃഗക്കോട്ട പമ്പാസരസമായ്
അയ്യപ്പനാമം ജപിച്ചതാദ്യം
ആരുമില്ലാ വനരാജനെ കാക്കുവാൻ
ആ പക്ഷിവൃന്ദങ്ങൾ പാട്ടുപാടി (2) (വന്യമൃഗക്കോട്ട)
അമ്മതൻ പാൽ കൊടുത്തില്ലാ
ആദ്യമായ് ആനന്ദത്തൊട്ടിലിൽ ആട്ടിയില്ല
വൻ പുലിക്കൂട്ടങ്ങൾ ഉമ്മവെച്ചയ്യനെ (2)
ആ മലർ കാട്ടിലായ് കാത്തുനിൽപ്പൂ (2)
(വന്യമൃഗക്കോട്ട)
ഈരാറു വർഷവും തൂവൽ പ്രസാദമായ്
പന്തളരാജന്റെ പൊൻ മകനായ്
ഈ ലോക രക്ഷകാ ഭൂതാദി നായകാ
ശ്രീമണികണ്ഠാ നീ വരില്ലേ.. (2) (വന്യമൃഗക്കോട്ട)
ലോകം മുഴുവൻ വിളങ്ങുമാ പൊൻപൈതൽ
പന്തളരാജന്റെ പൊൻ മകനായ്
ദേവന്മാർ നിർമ്മിച്ച പൊന്നമ്പലമേട്ടിൽ
ഭൂലോകനാഥനായ് കാത്തുനിൽപ്പൂ (2) (വന്യമൃഗക്കോട്ട)

അയ്യപ്പൻ



ധർമ്മ ശാസ്താവേ ധർമ്മ ദൈവ പൊരുളേ നീ
ധർമ്മ പരിപാലകനേ അയ്യപ്പാ....
ധർമ്മ പരിപാലകനേ...(ധർമ്മ...)
ഞാനീ പതിനെട്ടു പടിയേറി തിരുമുൻപിൽ
എൻ മനം അണഞ്ഞിടുമ്പോൾ അയ്യപ്പാ...(ധർമ്മ...)
പൊൻ മണികണ്ഠന്റെ പൂമേടയാണെന്നും
ഹൃദയത്തിൻ ശ്രീ കോവിൽ പൂജാമുറി...
പുള്ളിപ്പുലി വാഹനാ എൻ ഉള്ളിലിറങ്ങി
പൂജയും പ്രാർത്ഥനേം കൈക്കൊള്ളണേ...(ധർമ്മ...)



സ്വർണ്ണക്കൊടിമരം ചുറ്റിഞങ്ങൾ
നിൻ തിരുനടയിൽ കുമ്പിടുന്നയ്യാ...(സ്വർണ്ണ....)
ഓരോ നാവും നിൻ തിരു നാമം
പാടിയും പ്രാർത്ഥിച്ചും പോരുന്നയ്യാ
മാമല വാഴും കലിയുഗ നാദാ
ഞാനൊരു തുളസി കതിരല്ലയോ...(സ്വർണ്ണ....)
മാമല മേലേ മുഴുലകും നീ
മായാ മയനായ് അമരുമ്പോളും
ഞനെന്ന ഭാവം അഹമ്മദിയോടെ
ഞാനും നിന്നെ തേടുന്നയ്യാ...(സ്വർണ്ണ....)



ആഴികൾ പൂജകൾ ഭക്ഷിയായ് നൽകിടാം
ആഴിവർണ്ണാത്മജാ ഓടി വാ വാ...(2)
.....(ആഴികൾ പൂജകൾ)
ചന്ദനം ചാർത്തിടാം സുന്ദരമെയ്യതിൽ
തിങ്കൾ കലാസുധാ ഓടി വാ വാ...(2)
.....(ആഴികൾ പൂജകൾ)
കുങ്കുമം ചാർത്തിടാം പങ്കജലോജനാ
നന്ദാത്മജാ സുധാ ഓടി വാ വാ...(2)
.....(ആഴികൾ പൂജകൾ)
ശംഖു നാദം ശരണം വിളി കേൾക്കുമ്പോൾ
പൊന്നമ്പലത്തിൽ നിന്നോടി വാ വാ...(2)
.....(ആഴികൾ പൂജകൾ)



തുളസി ദളമായ് ഭഗവൽ സന്നിധിയിൽ
അയ്യപ്പാ...ഉടലും..ഉയിരും..ഉയിരേ
ഞങ്ങളിതാ... (തുളസി...)
നിൻ സ്വന്തമല്ലാത്ത മാതാവിനായ്
അവർക്കില്ലാത്ത നോവിന്നോരുപശാന്തിക്കായ്
ലഭിക്കാത്ത പുലിപ്പാലിനൊരുനാൾ കൊടും-
കാട്ടിൽ പുലിവേട്ട വിളയാടിയ ശബരീശ്വരാ...
.....(തുളസി...)
മഞ്ചാംബ മനം കൊണ്ടു മണവാളനായ്
നിന്നേ മലർതൂകി എതിരേക്കൻ പലകാലമായ്
മിഴിയുന്നി അമരുബോൾ ഒരുകനിവെന്നിൽ
സ്വാമി ശരണംവിളിച്ചടിയങ്ങൾ തളരുബോളും
.....(തുളസി...)



അവതാരമായ് അവതാരമയ് അഖിലാണ്ടകോടികൾക്കും
ആധാരം ശ്രീഭൂതേശൻ..... (അവതാരമായ്.....)

ചാരുകിരീടമഗ്രം ചുരുണ്ട കാർകൂന്തൽ നല്ല...
സാരസദളസമ കാരുണ്യനേത്രങ്ങളും
നാസികതെല്ലും നല്ല നീല ലോചനങ്ങളും
ഭാസുര ദർപ്പണം പോൽ മിന്നിടും
കണ്ടത്തോടും...(അവതാരമായ്.....)

മുട്ടിലും കവിഞ്ഞുള്ളോരെട്ടു ത്രിക്കൈകൾ തന്നിൽ
അഷ്ടനാഗഭണത്തിൽ അഷ്ടരത്നങ്ങൾ പോലേ
ശംഖവും ചക്രം ചാപം വേലും ചുരിക ബാണം
ഖഡ്ഗവും ചർമ്മമെന്നീ
എട്ടായുധങ്ങലോടും...(അവതാരമായ്.....)

വിസ്താരമാർന്ന തിരു-മാരതിൽ മുത്തുമാല
രത്നമാലയും വന-മാലയും കാവുസ്ഥഭ്രശ്രീ
നീലപ്പൂംചായലോടും നീലമാം വർണ്ണത്തോടും
കാലകാലാത്മജനും
പൂർണ്ണയവ്വനത്തോടെ..(അവതാരമായ്.....)



കേസര പൂജിത ശ്രീ ശബരീശ്വരാ
അയ്യനൊഴികയിന്നാരുലകിൽ
സ്വാമിയേ നിൻ തിരു നാമങ്ങൾ പാടിനേൻ
മാമലയ് വാസനേ ശബരീപതേ...(കേസര...)

പന്തള രാജനു പിന്തുണയേകിടും
സന്തതി ചിന്തിതം എകിടണേ
സ്വന്തമായ് നിന്തിരുമേനിയെൻറന്തികേ
ചന്തമായ് കാണുമാറാകവേണം....(കേസര...)

പൂർവജന്മാർ ചെയ്ത കർമ്മസിദ്ധാന്തമായ്
പർവ്വതമേറി ഞാൻ വന്നിടുവേ
സർവ്വേശ്വരാ ഗതി ഈ സാധുഞങ്ങളിൽ
ഏകണമേ പുലിവാഹനനേ...(കേസര...)



ഓം ശബരിഗിരി വാസാ ശരണ–
അയ്യപ്പദാരവിന്ദം തൊഴുന്നേൻ...
അയ്യപ്പാ....(ഓം ശബരി...)

പാദ ദർശനത്തിനായി മുദ്ര ധരിച്ച്...
ഭക്ത്യാ ശരണം പാടി....(2)
ഇരുമുടിയുമേന്തി ശരണം പാടി നടന്നു...(ഓം ശബരി...)

എരുമേലിൽ കൂട്ടം കൂടി പേട്ട കൊണ്ടാടി
പേരൂർതോടും കടന്ന്....(2)
പേരൂർ തോടും കടന്നു കാളകെട്ടീ അഴുതാ...((ഓം ശബരി...)

അഴുതാ നദി മുഴുകി കല്ലുമെടുത്ത്
കല്ലിടും കുന്നു കയറി....(2)
കല്ലിടും കുന്നു കയറി കല്ലിട്ടു വന്ദനയും...(ഓം ശബരി...)

കരിമല കയറി ചെന്നു കൊട്ടയ്ക്കു വന്ദനയും
ദാനധർമ്മങ്ങളും ചെയ്ത്....(2)
പമ്പാ നദിയിൽ ചെന്നു സ്നാനവും ദാനങ്ങളും...(ഓം ശബരി...)

പമ്പവിളക്കും കണ്ടു പന്തള രാജനിക്കു
കാണിക്കയ് വന്ദന ചെയ്ത്....(2)
പമ്പയിൽ വാസാ ദേവ പങ്കേരുഹാ നയന...(ഓം ശബരി...)

നീലിമലകയറി ശബരിയേയും വന്ദിച്ച്
ശരമിട്ടു വന്ദനചെയ്ത്....(2)
പാവനമായ പടി പത്തും ഒരെട്ടും കയറി
പാവനമായ പടി പതിനെട്ടും കയറിചെന്നു...(ഓം ശബരി...)

മോഹിനി നന്ദനനേ മോഹവിനാശകനേ
മോഹാന്തകാരകിരണേ....(2)
കാത്തുകൊള്ളുക വേണം കൈലാസ വാസാ
സുധാ...(ഓം ശബരി...)

വാവരുക്കും മന്നർക്കും കടുത്തയ്ക്കും കറപ്പനിക്കും
വന്ദന ചെയ്തിട്ട്....(2)
വാവരുക്കും മന്നർക്കും സർപ്പഗണങ്ങളിക്കും
വന്ദന ചെയ്തിട്ട്.....
മാളികപ്പുറത്തമ്മ രാജരാജേശ്വരി...(ഓം ശബരി...)

ഉരക്കുഴിതീർഥമാടി കുമ്പളംതൊട്ടിൽ ചെന്ന്..
സ്നാനവും ദാനവും ചെയ്ത്....(2)
സന്നിധാനത്തിൽ ചെന്ന് നെയ്യഭിഷേകം കണ്ട്...(ഓം ശബരി...)

തിരുവാഭരണം ചാർത്തി കർപ്പൂരദീപം കണ്ട്..
പാദാദികേശം തൊഴുത്....(2)
മകരവിളക്കും കണ്ട് പടി പതിനെട്ടിറങ്ങി...(ഓം ശബരി...)



ഷണ്മുഖ സോദര മോഹിനി നന്ദനാ
ശബരിഗിരീശ നമോ ...സ്വാമി
ശരണം തവ തിരു ചരണസരോരുഹം (2)
കലിയുഗ വരദ നമോ സ്വാമി....(ഷണ്മുഖ)
ദിനവും നിൻ അവതാര കഥകൾ കൊണ്ടകതാരിൽ
കളഭചോർത്തണിയുന്നു ഞാൻ.....(2)
ഹരിഹരസുതനേയെൻ ഹൃദയതിനമൃതായി–
അവിടുന്നു കുടികൊള്ളണേ....സ്വാമി....(ഷണ്മുഖ)
ഉലകത്തിനൊളിയായും ഒലിയായും ഉയിരേകും
പ്രണവത്തിനാധാരം നീ.....
പ്രണമിക്കുമടിയന്റെ മനശാന്തി അരുളുന്ന–
ഓംകാരപൊരുളല്ലോ... നീ...സ്വാമി....(ഷണ്മുഖ)



എൻ അച്ചരനൊരു മലയുണ്ട് കൈലാസം
എൻ അന്നയ്ക്കൊരു മലയുണ്ട് ഏഴുമലയ്
എൻ അണ്ണനിക്കൊരുമലയുണ്ട് പഴനിമലയ്
എൻ അയ്യനിക്കൊരുമലയുണ്ട് ശബരിമലയ്....(2)

സ്വാമിയപ്പാ അയ്യപ്പാ ശരണമയ്യാ...(2)

എൻ അച്ചരനൊരു വാഹനമായ് കാളയുണ്ട്
എൻ അന്നയ്ക്കൊരു വാഹനമായ് ഗരുഡനുണ്ട്
എൻ അണ്ണനിക്കൊരു വാഹനമായ് മയിലുമുണ്ട്
എൻ അയ്യനിക്കൊരു വാഹനമായ് പുലിയുമുണ്ട്...(2)

സ്വാമിയപ്പാ അയ്യപ്പാ ശരണമയ്യാ...(2)

എൻ അച്ചരനൊരു വസ്ത്രമുണ്ട് പുലിത്തോൽ
എൻ അന്നയ്ക്കൊരു വസ്ത്രമുണ്ട് പീതാംബരം
എൻ അണ്ണനിക്കൊരു വസ്ത്രമുണ്ട് കാവിവസ്ത്രം
എൻ അയ്യനിക്കൊരു വസ്ത്രമുണ്ട് കറുപ്പുവസ്ത്രം

സ്വാമിയപ്പാ അയ്യപ്പാ ശരണമയ്യാ...(2)

എൻ അച്ചരനൊരു നാമമുണ്ട് നീലകണ്ടൻ
എൻ അന്നയ്ക്കൊരു നാമമുണ്ട് നാരായണാ
എൻ അണ്ണനിക്കൊരു നാമമുണ്ട് ഹരഹരോഹരാ
എൻ അയ്യനിക്കൊരു നാമമുണ്ട് ശരണമയ്യപ്പാ..(2)

സ്വാമിയപ്പാ അയ്യപ്പാ ശരണമയ്യാ...(2)

എൻ അച്ചരനൊരു വിശേഷമായ് ശിവരാത്രി
എൻ അന്നയ്ക്കൊരു വിശേഷമായ് ഏകാദശി
എൻ അണ്ണനിക്കൊരു വിശേഷമായ് തൈപൂയം
എൻ അയ്യനിക്കൊരു വിശേഷമായ് മകരവിളക്ക്..(2)

സ്വാമിയപ്പാ അയ്യപ്പാ ശരണമയ്യാ...(2)

നാഗരാജാവ്



പുള്ളുവത്തിപെണ്ണിന്റെ പാട്ടിനീണത്തിൽ
പുള്ളുവക്കുടങ്ങൾതൻ താളമേളത്തിൽ
ആടി ആടി ആടി വാ വാ നാഗരാജാവേ
ശ്രീ നാഗയക്ഷിയുമായ്

തന്ന നാനയ് താന നാനയ് താനനാനന്നോ
തന്തന്നി താനാനനാനെ താനനാനന്നോ
തന്ന നാനയ് താന നാനയ് താനനാനന്നോ
തന തന്നയ് നാനന്നോ

മഞ്ഞളിൽ നീരാടി നല്ല പൂക്കുലകൾ ചൂടും
മഹിപാലകന്മാരെ കൈതൊഴുന്നേൻ
മണി നാഗ ദേവതമാരേ മനം തെളിച്ചീടു
എന്നിലനുഗ്രഹം ചൊരിയൂ (തന്ന ....)

കണ്ണുനീരും കദനങ്ങളുമായ് കരുണയാചിപ്പൂ
കരകാണാകടലിൽ ഉഴലും എഴയാമടിയൻ
കൺകണ്ട ദൈവങ്ങളേ കാത്തുകൊള്ളണേ
എന്നും കാത്തുകൊള്ളണേ (തന്ന ....)


ഏറിടുന്ന ദുഃഖ ഭാരമെല്ലാമകറ്റാൻ
നാവെറും ദോഷങ്ങൾ തീർത്തു കാത്തീടാൻ
നൂറും പാൽ അഭിഷേകം ഞാൻ നൽകീടം
എന്നിൽ കനിയണേ എന്നും (തന്ന ....)

നാഗപഞ്ചമീ വ്രതങ്ങൾ നൊറ്റിടുന്നു ഞാൻ
ഇളനീരും ക്ഷീരവും ധാരയായേകി
പുത്രകളത്രാതികളിൽ ഐശ്വര്യമേകൂ
എന്നും ആനന്തമേകൂ (തന്ന ....)

കശ്യപമുനീവര്യനു കദ്രു മാതാവിൽ
ഉൽഭൂതരായ് ഭൂമിപാലകരായി
സത്യധർമ്മ പാലനങ്ങൾ ചെയ്യുപൊരുന്ന
നാഗദേവതമാർ നിങ്ങൾ (തന്ന ....)

പാലാഴിയിൽ ഭഗവാനു തൽപ്പമായീടും
കൈലാസനാഥനു ഭൂഷണങ്ങളായ്
പാൽക്കടൽ കടയുവാൻ പാശമായ് നിങ്ങൾ
ഭൂപാലനം ചെയ്യു (തന്ന ....)

ആയിരം ഭണമെഴും ആദിശേഷനും
യക്ഷിണിതൻ രക്ഷകനാം തക്ഷകനും
സർപ്പപൂജകളേകീടാം സൽഗതിയേകൂ
സൗഭാഗ്യ മേകീടൂ (തന്ന ....)



നാവേറു പാടിടാം നൂറും പാലേകിടാം
മണ്ണാറശാലയിലെ നാഗദൈവമേ
ഭൂമിതൻപാലികേ ശ്രീനാഗയക്ഷിണി
കേട്ടു പ്രസാദിച്ചു കാത്തീടണേ

തന്നേന നാനനം താനേന നാനനം
താനിത്തനന്തനം താനനാനോ

ആയില്യമായിതാ ആമോദമേകിടാൻ
അമ്മയെഴുന്നെള്ളും നാളിതല്ലേ
പൊന്നോലക്കുടയുമായ് നാഗരാജവിഗ്രഹം
ഏറിടും കാഴ്ചയിതെത്രമോഹനം (തന്നേന നാനനം..)

ഒരുകുഞ്ഞിക്കാലിനായ് ഉരുകും മനസ്സുമായ്
തിരുമുമ്പിൽ ഉരുളികമഴ്ത്തിടുന്നേൻ
കനിവിവർക്കേകണേ കാരുണ്യവാരിധേ
കനിവേറും ജന്മം സാഫല്യമാക്കണേ(തന്നേന നാനനം..)

സന്താപനാശവും സന്താനഭാഗ്യവും
സന്മയായ് നിൻ കനിവാർന്നിടുമ്പോൾ
സർപ്പശാപങ്ങളും സർപ്പദോഷങ്ങളും
മാറ്റാനെൻ മാനസേ വന്നിടണേ (തന്നേന നാനനം..)

പുള്ളോന്റെ വീണയിൽ ഊറിടും പാട്ടിലും
പുള്ളോത്തി മീട്ടിടും താളത്തിലും
ശ്രീനാഗദൈവമേ നിന്നെ സ്തുതിച്ചിടേ
ചേലോടെയാടിക്കളിച്ചിടണേ (തന്നേന നാനനം..)

കൺകണ്ട ദൈവമേ കാരുണ്യവാരിധേ
മണ്ണാറശാലയിൽ വാഴുമമ്മേ
നിലവറയ്ക്കുള്ളിലായ് നിറയും പ്രകാശവും
അതിലേറെ കനിവുമായ് വാഴുമമ്മേ (തന്നേന നാനനം..)

മഞ്ഞൾ പ്രസാദവും പൂക്കുലച്ചിന്തുമായ്
ആടിയണഞ്ഞിടു നാഗദേവാ
അടിയന്റെ മനമിതിൽ കുടിയിരുന്നീടുവാൻ
വൈകാതെ വന്നിടു അനന്തദേവാ...(തന്നേന നാനനം..)

നാഗരാജാവ്



മണി നാഗങ്ങൾ കളിയാടുമ്പോൾ
അടിയങ്ങൾ തൊഴുതാടുമ്പോൾ
മലർമഞ്ചത്തിൽ എഴുന്നള്ളണേ
കുടമിന്നക്കഥപടുമ്പോൾ
ശ്രീനാഗരാജനെന്നും വഴ്ക
ശ്രീനാഗയക്ഷിയമ്മേം വാഴ്ക
ആദിമൂല നാമം വാഴ്ക
വേദ വേദ്യരൂപ നാഗം വാഴ്ക....

താനേനന്നം താനിത്തന്നം
താനി തന്നാന നാനനോ
താനേനന്നം താനാനന്നം
താനി തന്നാന നാനനൊ

തനനാനനയ് തനാനനാനോ
തന നാന നാന നാന നാനോ
താനന്നയ് താനനാനനോ
താന നാന നാന നാന നാനോ.....

നൂറും പാലും നേദിക്കും നാൾ
നാവേറുപാടീടും നാൾ
കൂറോടിന്നാക്കാരുണ്യത്തിൻ
കാവ്യങ്ങൾ പാടീടും നാൾ
മണിവീണപാടിടുന്നതെന്നും
തുണയേകുമക്കഥൊമ്യദങ്ങൾ
വീണിടുന്നു നാഗങ്ങൾപോൽ
നാഗരാജാവേ കൽക്കൽ ഞങ്ങൾ...(താനേനന്നം..)

ആയില്യത്തിൻ സാഫല്യത്തിൽ
ആയിരങ്ങൽ കേണുനിൽക്കവേ
ആലസ്യത്തിൽ ആരുണ്ടിന്നീ
ആരവങ്ങൾ ഏറ്റു നിൽക്കവേ
തുണപന്നഗേന്ദ്രനെന്നരിഞ്ഞാൽ
ഇണ പിന്നെ മറ്റുവേണമെന്നോ
പണിയുന്നിതപ്പാദാരവിന്ദം
ഫണമെന്നിലക്കടാക്ഷമേകണേ...(താനേനന്നം..)

ദർപ്പനങ്ങളിൽ നിത്യമെന്നപോൽ
നിർഗുണങ്ങൾ തീർത്തിടുമ്പോൾ
അൽപ്പദൂരമീ അശ്വരായനം
അൽപ്പാൽപ്പം തീർന്നിടുമ്പോൾ
തുണ നാഗരാജ സന്നിധിയല്ലോ
തണലേകിടുന്നതത്തപോവനം
ഗുണദോഷമേതുമൊന്നുകാട്ടീ
ശിവഭൂഷണൻ കടാക്ഷമേകണേ...(താനേനന്നം..)

സർപ്പകന്യകൾ നൃത്തമാടിടും
ഇക്കളതിലൊന്നുയിർക്കണേ
നൃത്തലോലരീ നിഷ്കളങ്കരിൽ
തൽപ്രസാദമൊന്നുദിർക്കണേ

അദിവിദ്രുതം തുനക്കവേണേ
ഇനിഒട്ടുകാലമിഷ്ട്ടമേകണേ
കദ്രുപെറ്റ മക്കളിന്നീ
ക്ഷുദ്രമൊക്കെമാറ്റി നിർത്തിടേണമേ...(താനേനന്നം..)

കർമ്മങ്ങൾ തൻ മർമ്മങ്ങൾ മേൽ
വൻ മനസ്സിലോതിനിൽക്കണേ
കർമ്മങ്ങൾക്കീ മണ്ണിൽ വന്നാ
സ്വർണ്ണ വർണ്ണ മേകിനിൽക്കണേ
തുന ധർമ്മദൈവതങ്ങളല്ലോ
തിരയുന്നിതക്രിപാവരങ്ങൾ
അവരെന്നുമെഴകൾക്കുനീങ്ങാൻ
വഴിമുന്നിലൊന്നിഴഞ്ഞുകാട്ടണേ...(താനേനന്നം..)

ആയിരങ്ങളായ് അഷ്ട്ടനാഗമായ്
ശിഷ്ട്ടരക്ഷ ചെയ്വതാരോ
ആരുമാരുമീ പോന്നിടാത്തോരീ
ഭാരമൊന്നുതീർപ്പതാരോ
പരമേശ്വരന്നു ഭൂഷണം പോൽ
പരിപാലകൻ ഭവാനതല്ലോ
പത്മനാഭനൊത്ത ശയ്യപോൽ
വന്നുനിൽപ്പദാദിശേഷനല്ലയോ...(താനേനന്നം..)

ശ്രീകൃഷ്ണൻ



വരമരുൾകാ വരമരുൾകാ
തിരുവാറന്മുള വാഴും
വിജയഗോപാലാ കൃഷ്ണാ... (വരമരുൾ...)
പമ്പയാം സരസിന്റെ ദക്ഷിണാ പുളിനത്തിൽ
ഇംബമായ് വസിച്ചിടും
തംബുരാനേ മുരാരേ
അൻപോടുടൻ മനഃ പങ്കമകറ്റി എന്നിൽ
ഇംബമതു തന്നീടണം
നന്ദഗോപാലാ കൃഷ്ണാ... (വരമരുൾ...)
ഭാരതാ യുധിതന്നിൽ പാർഥനു സാരഥിയായ്
ഗീതയുപദേശിച്ച മാധവാ പത്മനാഭാ...
ഭക്ഖവത്സലാ കൃഷ്ണാ മുക്തി ദായക മമ
ചിത്തമതിങ്കൽ സദാ വാണീടണമേ ദേവാ.....
(വരമരുൾ)...
സർവ്വചരാചരത്തിൽ സർവതാ ലയിച്ചിടും
സാദു സം രക്ഷകാ സത്യസ്വരൂപാ വിഭോ
സർവ്വലോകേശാ അങ്ങേ ഭക്തിയായ് ഭജിക്കുമെൻ
സർവ്വസങ്കടം നീക്കി പാലിക്കണേ ദേവാ.....(വരമരുൾ...)



കാർവർണ്ണനേ കരുണാകരനേ
ആറന്മുളേശനേ ഭജനയിൽ വാ
നിത്യം....(കാർവർണ്ണനേ..)
പമ്പാതൻ തീരമതിൽ വാഴുവോനേ
പാർഥനു സാരഥിയായ് നിന്നവനേ
ഉബർഘോനും പണിയും തമ്പുരാനെ
മനപ്പങ്കം മകറ്റി നിത്യം
കാത്തുകൊള്ളണേ....(കാർവർണ്ണനേ..)
നാലുഗോപുരങ്ങൾക്കും ശോഭിതമായിടും
ദേവാദി നിർമ്മിതമാം മതിലുകളും
നാഗാരി മേവിടുമാ കൊടിമരവും
നിത്യം കാണുവതിനായ്
വരമേകിടേണേ.....(കാർവർണ്ണനേ)
ഉണ്ണീഗോപാല യശോദ ബാലാ
വെണ്ണ പാൽ കട്ടു കവർന്നുണ്ടവനേ
വിന്നവർണ്ണാധനെ ശ്രീ കമലനേത്രാ..
എന്റെ ദണഡങ്ങൽ പോക്കി നിത്യം
കാത്തുകൊള്ളണേ....(കാർവർണ്ണനേ)



കണ്ണാ കടൽ വർണ്ണാ കമല വിലോചനാ
കാർമുകിൽ വർണ്ണാ ..ഓ.... കാർമുകിൽ
വർണ്ണാ...(കണ്ണാ..)
അഷ്ടമി രോഹിണി നാൾ അർധരാത്രി സമയേ
കൃഷ്ണാവതാരം ചെയ്ത പത്മനാഭാ–
നീതുണക്കായ്.....(കണ്ണാ..)
ഗോക്കളേ മേപ്പതിന്നായ് കൊലുമെടുത്തു മോദാൽ
കൂട്ടരൊത്തു കാടുതോറും മേടുകൾ കാട്ടിയ
കണ്ണാ...(കണ്ണാ..)
പാടുന്നു നിൻ ചരിതം എകണേ നിൻ കടാക്ഷം
പീതാംബരമണിഞ്ഞു പുല്ലാംകുഴലൂതി വാ വാ
...(കണ്ണാ..)



മോക്ഷം വരുന്ന വഴിയന്വേഷിക്കാതെ
വീഴ്ചകൾ ചെയ്വതെല്ലാം
സർവ്വസാക്ഷിൻ ഭാവാൻ തന്നെ
വീക്ഷിച്ചു മാനസതാരിൽ ക്ഷമിച്ചിടണേ...(മോക്ഷം...)
മുക്തി മർഗ്ഗത്തെ അനാരതം എവർക്കും
സത്വരം നൽകിടുന്ന
വേദ സത്തേ നമസ്തേ വിപത്തേ ദുരത്താക്കി
തവൽപ്പാദേ ചേർത്തിടേണേ.....(മോക്ഷം...)
ആനകദുന്ദുഭിക്കാനന്ദ മേകുന്ന
സൂതനാം മേഘവർണ്ണാ
അങ്ങേ ആനനത്തേ കണ്ട മാമുനി–
മാർക്കിനി ഭൂമ ജനന മുണ്ടോ...(മോക്ഷം...)
മണ്ണുതിന്നെന്നു കേട്ടമ്മകൊപിച്ചപ്പൊൾ
ഉണ്ണീ നീ വാ പിളർന്നു
ഭൂവും വിണ്ണും രസാതലവും–
കാട്ടി നിന്ന പൊന്നുണ്ണികൃഷ്ണാ
തൊഴുന്നേൻ.....(മോക്ഷം...)

ശ്രീകൃഷ്ണൻ



നീലമേഘാ വർണ്ണനേ
വെണുഗാനാ ലോലനേ...(നീല..)
പൂതനയേ നിഗ്രഹിച്ച
അത്ഭുത ഗോപാലകൃഷ്ണാ...(നീല..)
കാളിയന്റെ ഗർവ്വമെല്ലാം
തീർത്തകൊച്ചു ബാലകാ
ദീനജന പാലകനാം
ഗോകുല ഗോപാലകൃഷ്ണാ...(നീല..)
ഗോകുലവൃന്ദാവനത്തിൽ
കേളിയാടും ബാലകാ
കലികളേ മെച്ചീടുന്ന
ഗോകുല ഗോപാലകൃഷ്ണാ...(നീല..)
ദുഷ്ടനായ കംസനേയും
സംഹരിച്ച ബാലകാ
ലോകരക്ഷ ചെയ്വതിന്നായ്
വന്നുദിച്ച ബാലകാ...(നീല..)



ഉണ്ണിയായ് നടന്ന കൃഷ്ണൻ ഓടിവാ വാ
കണ്ണൻ ഓടിവാ വാ
ഉണ്ണി ഓടിവാ വാ
എന്റെ സന്താപമകലേ നീക്കാൻ
ഓടിവാ വാ....(ഉണ്ണിയാ..)
ചേലേഴും മുടിതന്നിൽ മയിൽ-പീലിചൂടി
കൃഷ്ണാ പീലിചൂടി
ഉണ്ണി പീലിചൂടി
ഒന്നിങ്ങോടിവന്നിങ്ങണയുക
ഉണ്ണി കൃഷ്ണാ....(ഉണ്ണിയാ..)
അഞ്ചി കൊഞ്ചി പുഞ്ചിരിതൂകി
ഓടി വാ വാ
കൃഷ്ണാ ഓടി വാ വാ
ഉണ്ണി ഓടി വാ വാ
എന്റെ സന്താപമകലേ നീക്കാൻ
ഓടിവാ വാ....(ഉണ്ണിയാ..)
ആടിത്തോടി പന്തുവരാളി രാഗങ്ങളേ
കൃഷ്ണാ രാഗങ്ങളേ
ഉണ്ണി രാഗങ്ങളേ
ഒന്നിങ്ങോടിവന്നിങ്ങണയുക
ഉണ്ണി കൃഷ്ണാ....(ഉണ്ണിയാ..)



കണ്ണനാം ഉണ്ണിയേ കണ്ടോ
കടൽ വർണ്ണനാം ഉണ്ണിയെ കണ്ടോ
കാളിന്ദി തീരത്തിനോരത്തെങ്ങാണും എൻ
കായാബു വർണ്ണനേ കണ്ടോ...
താനി തനന്നനം താനോ തനി
താനി തനന്നനം താനോ
താനി തനന്നനം താനാനയ് താനനം
താനി തനന്നനം താനോ...(താനി തനന്നനം)
അഞ്ജന കണ്ണനേ കണ്ടോ എന്റെ
ചെന്താമരാക്ഷനെ കണ്ടോ
ആരണ്യചായാ തടത്തിലെങ്ങാനും എൻ
അർണോച നേത്രനേ കണ്ടോ.....(താനി തനന്നനം)
രാജീവ നേത്രനേ കണ്ടോ എന്റെ
രാഗവിലോലനെ കണ്ടോ
രാഗലീലാമൃതം ഞങ്ങൾക്കുനൽകിയ
രാഗാദ്ര ലോലനേ കണ്ടോ.....(താനി തനന്നനം)
കാനനം കടന്നു വന്ന കാറ്റേ
വേണു ഗാനധാര അവിടെങ്ങാൻ കേട്ടോ
കാരുണ്യ സിന്ധുവാം കാർമുകിൽ വർണ്ണന്റെ
സിന്ധുഭൈരവി കീട്ടിരുന്നോ.....(താനി തനന്നനം)
വ്രിന്ദാവനം നീ മറന്നോ
ഗോപവ്രിന്ദത്തേയും നീ മറന്നോ
ഇന്ദീവരാക്ഷാ നീ വഗ്ദത്ത-
മേകിയൊരീനീലരാവും മറന്നോ.....(താനിതനന്നനം)
ഇവിടർന്ന മാധവം മറന്നോ
ഇന്നീ മനോഞ്ജസൈകതം മറന്നോ
ഇന്ദ്ര നീല ശോഭ തൂകി ഇന്ദുലെഖ പുത്തു നിൽപ്പൂ
ഇനിശീതവും മറന്നു പോയോ.....(താനി തനന്നനം)
മാരിവില്ലുപോൽ വിരിഞ്ഞ മാരാ
മൂക മായതന്നകന്നു പോയ ആദ്രാ
ഹർഷ ധാര കാത്തിരുന്ന താരകകിളിക്കു
ദുഖ വർഷധാര നൽകി നീ മറന്നോ.....(താനിതനന്നനം)
ഏകയായ് വിതുബി നിന്നു രാധ
ഏക മൊഹനാളവും പൊലിഞ്ഞ പൊലേ
മൂകമായ് മനസ്സിലോമനിച്ചിരുന്ന
മാനസന്റെ രൂപമൊർത്തു തേങ്ങി നിന്നു
രാധ.....(താനി തനന്നനം)
എങ്ങു പൊയ് മറഞ്ഞു നീല വർണ്ണാ
പാവം എന്തു കാട്ടി ഗൊപദാസി ഞങ്ങൾ
ഈ വിയോഗ ദുഖമേഴകൾക്കിതേറ്റിടാവതല്ലി
തെന്നറിഞ്ഞണഞ്ഞിടില്ലേ കണ്ണാ.....(താനി തനന്നനം)
കാത്തിരുന്നു കാലമെത്രയായി
നിന്നേ ഓർത്തു കേണ നളിതെത്രയായി
കർമ്മദുഖ സാഗരത്തിലാണ്ടിടുബൊൾ
ആലില കുരുത്തു പൊലെ എങ്കിലും വരില്ലേ.....(താനി തനന്നനം)

ശ്രീകൃഷ്ണൻ



ഗോവിന്ദ രാമാ ഹരേ ഗോപാല കൃഷ്ണാ ഹരേ
രാധാ രമണാ ഹരേ ഗോവിന്ദാ...(ഗോവിന്ദ..)
മുരഹരി ഗോവിന്ദ ജയഹരി ഗോവിന്ദ
ശ്രീഹരി ഗോവിന്ദ നാരായണാ..(ഗോവിന്ദ)
നന്ദലാലാ യദു നന്ദലാലാ വൃന്ദാവനഗോവിന്ദലാലാ
രാധാ ലോലാ നന്ദലാലാ രാധാ മാധവ നന്ദലാലാ
വേണു വിലോലാ നന്ദലാലാ
വിജയ ഗോപാലാ നന്ദലാലാ....
രാധേ രാധേ രാധേ ഗോവിന്ദ
വൃന്ദാവന ചന്ദ്രാ...
അനാഥിനാഥാ ദീനബന്ധോ രാധേ ഗോവിന്ദ
....(ഗോവിന്ദ....)
പാണ്ഡുരംഗാ പുണ്ഡരിനാഥാ രാധേ ഗോവിന്ദ
വൃന്ദാവന ചന്ദ്രാ...
അനാഥിനാഥാ ദീനബന്ധോ രാധേ ഗോവിന്ദ
....(ഗോവിന്ദ....)





പാണ്ഡവകുലപ്രേമ ഭാജനമാകിയ
ഭഗവാൻ ഗതി നമുക്കേ.....
പാരളെന്തവനേ ഭാമയ് മണാളാ
ഭക്തജനപ്രിയനേ....(പാണ്ഡവ.....)
കാരം പുരാണനേ കാരുണ്യ ശീലനേ
കാളിയമർദ്ദനനേ.....
കാലികളേ മേച്ച ബാലഗോപാലനേ
കാത്തരുളേണേ മാധവാ.....(പാണ്ഡവ..)
ഗോപീ മനോഹര ഗോകുലബാല
ഗോവർദ്ദനൊദ്ധാരണാ...
ഗീതോപദേശാ കീർത്തി പ്രകാശാ
കാത്തരുളേണേ മാധവാ.....(പാണ്ഡവ..)
അമ്പാടി വാസനേ ആനന്ദശീലനേ
ആദി നാരായണനേ....
ആലിലമേൽ പള്ളി കൊണ്ടമരുന്നൊരു
അച്ചുദാനന്ദ കൃഷ്ണനേ.....(പാണ്ഡവ..)



ആറന്മുളേശ്വര നാരായണാ കൃഷ്ണാ
പാലയാ ദീനബന്ധോ...തിരു...
ആറന്മുളേശ്വര നാരയണാ കൃഷ്ണാ
പാലയാ ദീനബന്ധോ
പബാസരസ്സിന്റെ വാമഭാഗം തന്നിൽ
ഇബം കലർന്നു വസിക്കും ഗോപാലകൻ
കബം കളഞ്ഞെന്നെ കാത്തുകൊള്ളേണമേ
തബുരാനേ കൃഷ്ണാ ഗോവിന്ദ
വൈകുണ്ഡാ..(ആറന്മുളേശ്വര)
ഒന്നയനീയിന്നു മൂന്നായ് പിരിഞ്ഞിട്ടു
ബ്രഹ്മാവും വിഷ്ണുവും ശ്രീഹരൻ താനുമയ്
സൃഷ്ട്ടിച്ചു രക്ഷിച്ചു സംഹരിചീടുന്നു
ലോകങ്ങളേയെല്ലാം നാരയണാ
കൃഷ്ണാ..(ആറന്മുളേശ്വര)
ഭക്തജനങ്ങളേ സം-രക്ഷിച്ചീടുന്ന
ഭക്തപ്രിയാ വിഭോ മുക്തിസം-രക്ഷകാ
ഭക്തിവർധിക്കണം പാപങ്ങൾ തീരണം
സായൂജ്യമേകണം ഭക്തപ്രിയാ വിഭോ....(ആറന്മുളേശ്വര)



വയ്യേ സഹിച്ചിടാൻ പൂമെയ്യാളേ
നിൻ പയ്യന്റെറ ചെയ്തികൾ പൂങ്കണ്ണാളേ
താനാനയ് താനയ് തനന്നാനൊ
തന്നാനയ് താനയ് തനന്നാനൊ
ചെയ്വതെന്തോന്നിനി ചൊല്ലമ്മാ
തെല്ലും പൊയ്യല്ല ചൊൽ-വതേ കേൾ
അമ്മാ(താനാനയ്...)
വെണ്ണകട്ടുണ്ടതല്ലമ്മമ്മാ
പാത്രം എണ്ണമില്ലാതെ തകർത്തമ്മാ(താനാനയ്...)
പാൽക്കിഴയൊക്കെ മുടിചമ്മാ
എന്തോ മാത്സര്യമുള്ളപോൽ അമ്മമ്മാ(താനാനയ്...)
വെച്ചിട്ട ചോറും കറികളും അവൻ
പൂച്ചകൾക്കൊക്കേ കൊടുത്തമ്മാ(താനാനയ്...)
തൂക്കിയിട്ടുള്ളോരുറിയെല്ലാം അവൻ
ലാക്കിന്നു താഴ്ത്തികർത്തമ്മാ(താനാനയ്...)
കെട്ടിയ കന്നും കിടാങ്ങളേ
അവൻ കെട്ടഴിച്ചൊന്നന്നേ വിട്ടമ്മാ(താനാനയ്...)
പാത്രങ്ങൾ പൊട്ടാത്തവറ്റയിൽ അവൻ
മൂത്രമൊഴിച്ചു വെച്ചേനമ്മാ(2)(താനാനയ്...)
എന്തോന്നു ചെയ്വൂ യശോദമ്മാ
എന്റെറ പൂന്തേങ്കനിക്കണ്ണനോടമ്മ(താനാനയ്...)
സങ്കടമൊക്കെ ഞാൻ പൊക്കിടാം ഗോപി
മങ്കമാരോടമ്മ ചൊല്ലിനാൽ(താനാനയ്...)
വങ്കത്തമെല്ലാം അടങ്ങുമേ അവൻ
തങ്കത്തിടമ്പൊത്ത കുഞ്ഞല്ലേ(താനാനയ്...)
പൊന്നുണ്ണിക്കണ്ണൻ വളർന്നിടാൻ
നമുക്കൊന്നായിട്ടെന്നെന്നും കൈതൊഴാം(താനാനയ്...)



ഓടക്കുഴലും ചുണ്ടിൽ വെച്ച്
നീലമെയ്യിൽ പീതാംബരവും
ഓടി ഓടി നീ വരുവാനായ്
നീലവർണ്ണാ കൈകൾ തൊഴുന്നേ...(ഓടക്കുഴലും..)

പാലും വെണ്ണയും കട്ടു ഭുജിച്ചൊരു
ഗോപികൾ വാഴ്ത്തും ഗോപകുമാരാ
നിൻ കാർമുടിയിൽ പീലികൾ തിരുകി
അഞ്ചി കൊഞ്ചി ഓടി വരില്ലേ...(ഓടക്കുഴലും..)

പിഞ്ചു മുഖവും കുഞ്ഞിക്കാലും
നിൻ കാർമുടിയും കാണാകേണം
കാറൊളിവർണ്ണാ ഗോശാല കൃഷ്ണാ
കാളിയമർദ്ധന കംസാരേ...(ഓടക്കുഴലും..)

എന്റെറ കണ്ണാ നിൻ പാദം ചേരാൻ
എത്ര നാളായ് ഞാൻ കൊതിക്കുന്നു
വഴിപാടുകളും നൽകാം കണ്ണാ
മുക്തി ലഭിക്കാൻ വരമരുളേണം..
(ഓടക്കുഴലും..)



ആറന്മുളയിൽ അമരും നാരായണാ-
പാലയാദീനബന്ധോ
ഏകണമെന്നിൽ നിന്റെറ അനുഗ്രഹം
ഏകിടണേ മുകുന്ദാ...(ആറന്മുളയിൽ..)
പമ്പതൻ തീരമതിൽ വസിക്കും-
ശ്രീ ഗോപിമനോഹരനേ...
പാർത്ഥനുസാരഥിയായ് തുണച്ചൊരു
കൃഷ്ണനേ കൈതൊഴുന്നേൻ...(ആറന്മുളയിൽ..)
പീലി-പൂമാല-മുത്തും-പവിഴവും-
ചേർത്തുനിൻ കാർമുടിയിൽ
ചേതസിനിമ്പമേകാൻ കനിയണേ
ഗോപിമനോഹരനേ.....(ആറന്മുളയിൽ..)



പരമാർഥം അറിഞ്ഞീടമ്മേ
പരിചോടുര ചെയ്തീടാം ഞാൻ
ആരുതരുതേ കോപം മാതാവേ
ഞാൻ ഈവകയൊന്നും
പെരുമാറിയതോർമ്മയിലില്ലമ്മേ...(2)

കാളിന്ദിയിൽ അഴിമതി കാട്ടും
വേളയിൽ അരുതെന്നെവരോതി
ബാലൻ ഗുണദോഷിച്ചതുമൂലം
ഞാൻ എല്ലാംകൊണ്ടും-
ദൂഷി അവർക്കായതും എൻറമ്മേ..(2)

കാളിന്ദി തീരം തന്നിൽ ഗോപിക മാരുമായി
ലീലകൾ ആടിയതല്ലാതെ
ഞാൻ ഒരു കാലത്തും
കപടതൊഴിൽ കാട്ടുകയില്ലമ്മേ...(2)

അക്ഷമയാൽ എന്നുടെ മാതാ
ഇക്ഷണമീ ചെറിയവനുടെമേൽ
ശിക്ഷക്കു വിധിച്ചീടും നാളിൽ
ചെറു ശിക്ഷ വിധിച്ചാൽ
കുറ്റവിശപ്പേറും മാതാവേ..(2)

അടി കൊണ്ടൊരു ഫലമില്ലമ്മേ
വടിയൊടിയുകയെന്നല്ലാതേ
കപടമുരച്ചീടുകയില്ലമ്മേ
ഞാൻ ഒരുകാലത്തും
കപടത്തൊഴിൽ കാട്ടുകയില്ലമ്മേ..(2)



ഗോവിന്ദ രാമ രാമ ഗോപാല കൃഷ്ണാ നിൻ-മെയ്
കാണുമാറരുളേണം ഗോവിന്ദാ (ഗോവിന്ദ രാമ രാമ...)

അമ്പാടിതന്നിൽ മേവും ഉമ്പർനായക നിൻ-മെയ്
ആൻപിനാൽ കാണാകേണം ഗോവിന്ദാ (ഗോവിന്ദ രാമ
രാമ...)

ആവോളം കൂപ്പുന്നേൻ ഞാൻ ദേവകി ദേവി പെറ്റ
ദേവേശ ദേവ ദേവ ഗോവിന്ദാ (ഗോവിന്ദ രാമ രാമ...)

ഇച്ഛയില്ലെനിക്കിനി തവൽ ചരണങ്ങളൊഴിഞ്ഞു
അച്ചുത മറ്റൊന്നിങ്കൽ ഗോവിന്ദാ (ഗോവിന്ദ രാമ രാമ...)

ഈരേഴു ലോകമെല്ലാം ഈരടിയായളന്ന
ഈശനേ വാമനനേ ഗോവിന്ദാ (ഗോവിന്ദ രാമ രാമ...)

ഉള്ളത്തിൽ കാണാകേണം മുല്ലപ്പൂംകുഴലാളേ
ഉള്ളഴിക്കുന്ന നിൻ-മെയ് ഗോവിന്ദാ (ഗോവിന്ദ രാമ
രാമ...)

ഊതുന്ന കുഴലുമായ് പീതാംബരത്തോടെന്റേറ
ചേതസ്സിൽ കണാകേണം ഗോവിന്ദാ (ഗോവിന്ദ രാമ
രാമ...)

എണ്ണൂ-രണ്ടായിരം മയ്കണ്ണിമാർ പൂജിക്കും
നിന്നേ ഞാൻ കണ്ടീടാവു ഗോവിന്ദ (ഗോവിന്ദ രാമ
രാമ...)

ഏണാങ്കൻ തന്നെ വെല്ലും ചേലാർന്ന തിരുമുഖം
ചേതസ്സിൽ കണാകേണം ഗോവിന്ദാ (ഗോവിന്ദ രാമ
രാമ...)

ഐശ്വര്യ ദായകനേ കയ്യിതാ കൂപ്പുന്നേൻ ഞാൻ
നീയൊഴിഞ്ഞില്ലാ ഗതി ഗോവിന്ദാ (ഗോവിന്ദ രാമ
രാമ...)

ഒന്നിടവിട്ടു ഗോപ സുന്ദരിമാരോടൊപ്പം
ഒന്നിച്ചു കളിച്ചോരു ഗോവിന്ദാ (ഗോവിന്ദ രാമ രാമ...)

ഓരോരോ ലീലപൂണ്ടു കാരുണ്യം കൊണ്ടു ധർമ്മം
പാലിച്ചു വസിച്ചോരു ഗോവിന്ദാ (ഗോവിന്ദ രാമ രാമ...)

ഔഷധി മേനിപൂണ്ട വൃന്ദാവനത്തിലെല്ലാം
ഘോഷമായ് ലീല ചെയ്ത ഗോവിന്ദാ (ഗോവിന്ദ രാമ
രാമ...)

അംഭോജനാഭ കൃഷ്ണാ ശംഭു പൂജിത ദേവാ
അൻപിനാൽ കാണാകേണം ഗോവിന്ദാ (ഗോവിന്ദ രാമ
രാമ...)

അച്യുത നിൻ ചരിത്രം അദ്ഭുതം ദിനം തോറും
ഉച്ചരിക്കായ് വരേണം ഗോവിന്ദാ (ഗോവിന്ദ രാമ രാമ...)

ശ്രീരാമൻ



ഹരേ രാമ ഗോവിന്ദ നാരായണാ
ഗോപാല കൃഷ്ണാ ഗോവിന്ദ നാരായണാ...(ഹരേ...)
കാളിന്ദി നദീ തീരേ കാലികളേ മേച്ച
കാളിയ മർദ്ദനനെ നാരായണാ...(ഹരേ...)
കംസനിസൂതകനെ നാരായണാ
ഗോപാല കൃഷ്ണാ ഗോവിന്ദ നാരായണാ...(ഹരേ...)



തന്നുയിർ പോലവേ...
മന്നുയിരേ തൊഴാം..
തന്നേ താൻ അറിവതും നീയേ..രാമാ..
.....രാമാ....(തന്നുയിർ...)
തന്നുയിരേ തൊഴാം ഈശനോടാകവേ
വിവേകമയ് ഇരിപ്പതും നീ....യേ...രാമാ..
.....രാമാ....(തന്നുയിർ...)
കടുവാപുലി നിറഞ്ഞ കട്ടാന കൂട്ടങ്ങളും
ഇടവഴി നടപ്പതും നീ...യേ...രാമാ..
.....രാമാ....(തന്നുയിർ...)
പന്നഗശയനവും ഉന്നതമായ് കണ്ട്
വിവേകമയ് ഇരിപ്പതും നീ....യേ...രാമാ..
.....രാമാ....(തന്നുയിർ...)



രാമാ ദശരഥാ നന്ദനാ പാഹിമാം
രാജീവ ലോചനാ രാമ രാമ
രാമാഭി രാമ രഘുകുല നായകാ
സീതാ മനോഹരാ രാമ രാമ....(രാമാ...)

കോസലേന്ദ്രായ ശ്രീ കോദണ്ഡ രാമനേ
ശങ്കരാ സേവിതാ രാമ രാമ
രാമരാമേദി ജപിച്ചീടും ഞങ്ങളിൽ
ആമയം തീർത്തരുൾ വാമദേവാ....(രാമാ...)

കല്ലായ് കിടന്നോരഹല്യക്കുമോക്ഷവും
പാരാതേ നൽകിയ രാമപ്രഭോ
ഭാർഗ്ഗവ രാമന്റെ ഹന്ത ഒഴിച്ചു നീ
നൽ വഴി കാട്ടിയ രാമ ദേവാ.....(രാമാ...)

മുക്തിപ്രദായകം രാവണ നിഗ്രഹം
ചെയ്തോരു സീതാഭി രാമ രാമാ
ശ്രീ വിഷ്ണു വംശാവതാരമേ ഹേ പ്രഭോ
ത്രേതായുഗേ രാമഭദ്ര നാമം....(രാമാ..)



രാമ രാമ പാഹിമാം മുകുന്ദരാമ പാഹിമാം
രാമ പാദം ചേരണേ മുകുന്ദ രാമ പാഹിമാം
.... മുകുന്ദരാമ പാഹിമാം *(രാമ രാമ)*

യോഗിമാരുമായിച്ചെന്ന്യാഗരക്ഷചെയ്തു പിന്നെ
വില്ലൊടിച്ചു സീതയെ വരിച്ച രാമ പാഹിമാം
.... മുകുന്ദരാമ പാഹിമാം *(രാമ രാമ)*

താതൻ തന്റെ ആജ്ഞകേട്ടു രാജ്യവും കിരീടവും
ത്യാഗം ചെയ്തു കാടുപുക്കും രാമ രാമ പാഹിമാം
.... മുകുന്ദരാമ പാഹിമാം *(രാമ രാമ)*

ചാരനായി വന്നുചേർന്ന മാനിനെ പിടിക്കുവാൻ
ജാനകിയെ വിട്ടകന്ന രാമ രാമ പാഹിമാം
.... മുകുന്ദരാമ പാഹിമാം *(രാമ രാമ)*

ഭിക്ഷുവായി വന്നുചേർന്ന ദുഷ്ടനായ രാവണൻ
ലക്ഷ്മിയേയും കൊണ്ടുപോയി രാമ രാമ പാഹിമാം
.... മുകുന്ദരാമ പാഹിമാം *(രാമ രാമ)*

ഖിന്നയായശോകവനം തന്നിൽ വാണദേവിയെ
ചെന്നുകണ്ടു വായുപുത്രൻ രാമ രാമ പാഹിമാം
.... മുകുന്ദരാമ പാഹിമാം *(രാമ രാമ)*

വാനരപ്പടയുമായ് കടൽകടന്നു ചെന്നുടൻ
രാവണനെ നിഗ്രഹിച്ച രാമ രാമ പാഹിമാം
.... മുകുന്ദരാമ പാഹിമാം *(രാമ രാമ)*

പുഷ്പകം കരേറി സീതാലക്ഷ്മണസമേതനായ്
പുഷ്ടിപൂണ്ടയോദ്ധ്യചേർന്ന രാമ രാമ പാഹിമാം
.... മുകുന്ദരാമ പാഹിമാം *(രാമ രാമ)*

ശ്രീരാമൻ



ദശരഥ നന്ദന ശ്രീരാമചന്ദ്രാ
ദശമുഖ മർദ്ദനാ ഹരേ രാമ രാമ..(ദശരഥ)
ലക്ഷ്മണ സോദരാ ശ്രീരാമ രാമ
ലക്ഷ്മീ വല്ലഭ ഹരേ രാമ രാമാ..(ദശരഥ)
പങ്കജ ലോചന പാപവിമോചന
സങ്കട നാശന ഹരേ രാമ രാമാ..(ദശരഥ)
രാമ രാഘവ...രാമ രാഘവ
രാജീവ ലോചന രാമ രാമ പാഹിമാം ..(ദശരഥ)



സാധുജനാവനരാമാ....രാമാ...
സാധുജനാവനരാമാ....ജയരാമാ–
രഘുരാമാ.....ശ്രീരാമാ.....(സാധു...)
സീതാന്വേഷിത ശ്രിതജന ചരണം
സിദ്ധജനാവനരാമാ....രാമാ...
സിദ്ധജനാവനരാമാ....ജയരാമാ–
രഘുരാമാ.....ശ്രീരാമാ.....(സാധു...)
ജനനമരണ സൗഭാഗ്യശൂരാമാ
സകലലോകാധിപരാമാ...രാമാ...
സകലലോകാധിപരാമാ...ജയരാമാ–
രഘുരാമാ.....ശ്രീരാമാ.....(സാധു...)

ഹനുമാൻ സ്വാമി



രാമനാനമേ ശൊന്നാൽ
അങ്കേ വരുവാൻ ഹനുമാൻ(2)
ക്ഷേമങ്ങൾ യാവും തരുവാൻ
ശ്രീരാമഭക്ത ഹനുമാൻ..(രാമ..)
ലങ്കയേ വാലാൽ എരിത്തവൻ
അന്ത ലങ്കാധിപനെ എടുത്തവൻ(2)
അഞ്ജനസുതനവൻ വീരനാം
ശ്രീരാമഭക്ത ഹനുമാൻ..(രാമ..)
സഞ്ജീവനിയെ എടുത്തവൻ
ചിരഞ്ജീവിയെന്റെറപേർ പെറ്റവൻ(2)
അഞ്ജനസുതനവൻ വീരനാം
ശ്രീരാമഭക്ത ഹനുമാൻ..(രാമ..)
അർക്കനേ ഭുജിക്കാൻ പോയവൻ
അന്ത അർക്കന്റെ ശിഷ്യനായ് വന്നവൻ
മാരുതിസുതനവൻ വീരനാം
ശ്രീരാമഭക്ത ഹനുമാൻ..(രാമ..)
രാമ രാമ രഘുരാമാ ജയ
രാമ രാമ രഘുരാമാ
രാമരാഘവാ രാമാ ജയ(3)



ത്രിക്കവിയൂരംബലത്തിൽ കുടികൊള്ളും ദേവനല്ലോ
ശ്രീഹനുമാൻ സ്വാമി നിന്നേ ഭജിച്ചീടുന്നേൻ
ഭജിച്ചീടുന്നേൻ ഞങ്ങൾ ഭജിച്ചീടുന്നേൻ-
...(ത്രിക്കവി..)
കിഴക്കൊരാൽത്തറയുണ്ട് ശുദ്ധമാം കുളവുമുണ്ട്
ത്രിപ്പടി പതിനെട്ടും അവിടെയുണ്ട്...
അവിടെയുണ്ട്.....(ത്രിക്കവി..)
മൂർത്തികൾ മൂവരുണ്ട് ശിവനുണ്ട് ദേവിയുണ്ട്
സർപ്പഗണങ്ങളും അവിടെയുണ്ട്...
അവിടെയുണ്ട്.....(ത്രിക്കവി..)
ഭജനയിൽ ഒരു വരം അരുളുവാനായി മുദാ
ഭക്തരാം ഞങ്ങൾ നിന്നെ ഭജിച്ചീടുന്നേൻ-
ഭജിച്ചീടുന്നേൻ നിന്നെ ഭജിച്ചീടുന്നേൻ-
...(ത്രിക്കവി..)

നവഗ്രഹങ്ങൾ



നാരായണീദേവി നിൻ തിരുമുറ്റത്തു
നാരങ്ങാദീപം കൊളുത്തിവെച്ച്
നാമം ജപിക്കുന്ന ഞങ്ങൾതൻ ദുഃഖങ്ങൾ
നാനാതരത്തിലും മാറ്റിടേണേ...(നാരായണീ...)

വിഘ്നേശ്വരാ ദേവാ പാർവതീ നന്ദനാ
വിഘ്നങ്ങൾ മാറ്റുവാൻ കൈതൊഴുന്നേൻ(2)
വാണീഭഗവതി നീയും തുണക്കണേ
വീണാധരേ ദേവി കൈതൊഴുന്നേൻ(2)

ഓർത്തുഭജിക്കു ദശാധിപന്മാരേ നാം
ആർത്തിയൊരിക്കലും ഏശിടായ്വാൻ(2)
തീർത്തും നവഗ്രഹദോഷനിവർത്തിക്ക്
ചേർത്തും നമിച്ചു കൈകൂപ്പിടുന്നേൻ(2)

ഒന്നാമതായിട്ടു നവഗ്രഹനാഥനേ
ഒന്നിച്ചു ഞങ്ങൾ നമസ്ക്കരിക്കാം(2)
ആദിത്യൻ തൻ ദശാകാലവിപത്തുകൾ
ആദിത്യദേവാ നീ തീർത്തിടേണേ(2)

രണ്ടാമതായിട്ടു താരാധിനാധനേ
വിണ്ഡലം നോക്കി നമസ്ക്കരിക്കാം(2)
ചന്ദ്രദശയിലേ ദോഷങ്ങൾ തീരുവാൻ
ചന്ദ്രഭഗവാൻ തുണച്ചിടേണം(2)

മൂന്നാമതായിട്ടു ശ്രീമുരുകാ നിൻെറ
മുന്നിലും ഞങ്ങൾ വണങ്ങിടുന്നേൻ(2)
കാലദോഷംകൊണ്ടു വന്നു ഭവിക്കുന്ന
കാലക്കേടൊക്കയും തീർത്തിടേണേ(2)

നാലമതായിട്ടു ബുധനാം ദേവനേ
മാലറ്റീടുവാൻ കുമ്പിടുന്നേൻ(2)
ബുദ്ധിയും സിദ്ധിയും നല്ലപോൽതന്നെൻെറ
ബത്ധ്പാടെല്ലാമകറ്റീടേണേ(2)

അഞ്ചാമതായിട്ടു ദേവഗുരുവിനെ
പഞ്ചാക്ഷരം ചൊല്ലി കുമ്പിടുന്നേൻ(2)
വ്യാഴദശയിലേ ഐശ്വര്യമാകവേ
പാഴാക്കാതേകണേ ദീനബന്ധോ(2)

ആറാമതായിട്ടു ദൈത്യഗുരുവിനേ
നീറും മനസ്സോടെ കുമ്പിടുന്നേൻ(2)
ശുക്രദശയിലേ നന്മകളൊക്കയും
വക്രതകൂടാതെ തന്നീടേണേ(2)

ഏഴാമതായിട്ടു ആദിത്യപുത്രനേ
ഏഴകളാം ഞങ്ങൾ കുമ്പിടുന്നേൻ(2)
ശനിദശയിലേ കഷ്ട്നഷ്ട്ങ്ങളേ
ഒന്നൊഴിയാതേയൊഴിച്ചീടേണേ(2)

എട്ടാമതായിട്ടു രാഹുദേവാ നിന്നേ
സാഷ്ടാംഗം വീണു വണങ്ങീടുന്നേൻ(2)
നേരായിവന്നു വിളക്കുപൂജകണ്ട്
പ്രീതനായ് ദോഷങ്ങൾ തീർത്തുതായോ(2)

അന്ത്യമായിസന്തതം കേതുവാം ദേവനേ
അന്തരം കൂടതെ കുമ്പിടുന്നേൻ(2)
കേതുർദശയിലേ ദുഃഖങ്ങളാകവേ
ഹേതുക്കളോടൊപ്പം മാറ്റിടേണേ(2)

സർവ്വദശാനാഥരെ വമിച്ചു ഞങ്ങൾ
സർവ്വയാം ദേവിയേ കുമ്പിടുന്നേൻ(2)
സർവ്വലോകേശ്വരി ശക്തിസ്വരൂപിണി
സർവ്വദുഃഖങ്ങളും തീർത്തീടേണേ(2)

മംഗളം.1

രാധാ രമണ മുകുന്ദ മുരാരെ
ശരണം മേ തവ ചരണ യുഗം
പവന പുരേശാ രാധാ കൃഷ്ണാ
ശരണം മേ തവ ചരണ യുഗം

ശ്രീഗണനാഥാ വിഘ്നവിനായകാ
ശരണം മേ തവ ചരണ യുഗം

ദേവി മഹേശ്വരി പാർവതി ശങ്കരി
ശരണം മേ തവ ചരണ യുഗം

ശംഭോ ശങ്കര സാംബ സദാശിവാ
ശരണം മേ തവ ചരണ യുഗം

മയിൽ വാഹനനേ ശങ്കര തനയാ
ശരണം മേ തവ ചരണ യുഗം

സ്വാമിയേ ശരണം ശരണം പൊന്നയ്യപ്പാ
സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പാ
അയ്യപ്പാ ദൈവമേ ശരണം പൊന്നയ്യപ്പാ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പാ
ഹരിഹര സുതനേ കലിയുഗവരദാ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പാ

രാമ രാമ രാമ രാമ രാമ രാമ പാഹിമാം
രാമപാദം ചേരണേ മുകുന്ദ രാമ പാഹിമാം
ഹൃത്തിൽ രാമ നാമ മന്ത്ര സ്പന്ദനങ്ങൾ കേട്ടു
കേട്ടു
അത്തൽ തീർന്നു മുങ്ങിടട്ടെ ഭക്തിഗാനഗംഗയിൽ
എങ്ങു നിന്നു രാമ നാമ മന്ത്രമൊന്നു കേൾക്കവേ
അങ്ങു നിന്നു കൈകൾ കൂപ്പും ആഞ്ജനേയ
സ്വാമികൾ

ഓം നമോ ഭഗവതേ വാസുദേവായ
വാസുദേവായാ നാരായണായാ
നാരായണായാ രാമചന്ദ്രായാ
രാമചന്ദ്രായാ രാമഭദ്രായാ
ഓം നമോ ഭഗവതേ വാസുദേവായ

മംഗളം.2

ജയഗണേശ ജയഗണേശ ജയഗണേശ പാഹിമാം
ശ്രീഗണേശ ശ്രീഗണേശ ശ്രീഗണേശ രക്ഷമാം
ജയസരസ്വതി ജയസരസ്വതി ജയസരസ്വതി
പാഹിമാം
ശ്രീസരസ്വതി ശ്രീസരസ്വതി സ്രീസരസ്വതി രക്ഷമാം
ജയഗുരു ശിവഗുരു ഹരിഗുരു ഓം
ശ്രീഗുരു സത്ഗുരു മമഗുരു ഓം
ശിവ ശിവ ശിവ ശിവ ശിവ ശിവ...സാംബസദാശിവ
സാംബശിവോ
ഹര ഹര ഹര ഹര ഹര ഹര...ഹരഹരശിവശിവ
സാംബശിവോ
സുബ്രഹ്മണ്യം സുബ്രഹ്മണ്യം ഷണ്മുഖനാഥാ
സുബ്രഹ്മണ്യം
ഹര ഹര ഹര ഹര സുബ്രഹ്മണ്യം ശിവ ഹര ഹര
ഹര സുബ്രഹ്മണ്യം
രാധാ രമണ മുകുന്ദ മുരാരേ ശരണം മേ തവ
ചരണയുഗം
പവന പുരേശാ രാധാകൃഷ്ണാ ശരണം മേ തവ
ചരണയുഗം
കൃഷ്ണാ രാമാ ഗോവിന്ദാഹരി രാധാകൃഷ്ണാ
ഗോവിന്ദാ
രാധാകൃഷ്ണാ ഗോവിന്ദാഹരി രാധേകൃഷ്ണാ
ഗോവിന്ദാ
രാമ രാമ രാമ രാമ രാമ രാമ പാഹിമാം
രാമപാദം ചേരണേ മുകുന്ദ രാമ പാഹിമാം
എങ്ങു നിന്നു രാമനാമ മന്ത്രമൊന്നു കേൾക്കവേ
അങ്ങു നിന്നു കൈകൾ കൂപ്പും ആഞ്ജനേയ
സ്വാമികൾ
ഹൃത്തിൽ രാമനാമമന്ത്ര സപന്ദനങ്ങൾ കേട്ടു കേട്ടു
അത്തൽ തീർന്നു മുങ്ങിടട്ടേ ഭക്തിഗാനഗംഗയിൽ
ഹരേ റാം സീതാ റാം രാമ റാം രാഘവ റാം
ഹരേറാം സീതാറാം രാമറാം രാഘവറാം
ഓം നമോ ഭഗവതേ വാസുദേവായാ
വാസുദേവായാ നാരായണായാ
നാരായണായാ രാമചന്ദ്രായാ
രാമചന്ദ്രായാ രാമഭദ്രയാ
ഓം നമോ ഭഗവതേ വാസുദേവായാ
സ്വാമിയേ ശരണം ശരണമെൻറയ്യപ്പ
സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പ
അയ്യപ്പൈവമേ ശരണമെൻറയ്യപ്പ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പ
ഹരിഹരസുതനേ കലിയുഗ വരദാ
അവിടുന്നല്ലതൊരു ശരണമില്ലയ്യപ്പ
ശ്രീധർമ്മ ശാസ്താവേ ശരണമെൻറയ്യപ്പ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പ

ഒന്നാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ഓച്ചിറപരബ്രഹ്മം
ശരണമെൻറയ്യപ്പാ
രണ്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...നാരായണ സ്വമി
ശരണമെൻറയ്യപ്പാ
മൂന്നാം ത്രിപ്പടി ശരണമെൻറയ്യപ്പാ...മൂർത്തികൾ മൂവരും
ശരണമെൻറയ്യപ്പാ
നാലാം ത്രിപ്പടി ശരണമെൻറയ്യപ്പാ...നാലുവേദങ്ങളും
ശരണമെൻറയ്യപ്പാ
അഞ്ചാം ത്രിപ്പടി ശരണമെൻറയ്യപ്പാ...പഞ്ചഭൂതങ്ങളും
ശരണമെൻറയ്യപ്പാ
ആറാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ആറുശാസ്ത്രങ്ങളും
ശരണമെൻറയ്യപ്പാ
എഴാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ഏറ്റുമാനൂർ ഭഗവാൻ
ശരണമെൻറയ്യപ്പാ
എട്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...അഷ്ടദിക്പാലകർ
ശരണമെൻറയ്യപ്പാ
ഒൻപതാം ത്രിപ്പടി ശരണമെൻറയ്യപ്പാ...നവഗ്രഹങ്ങളുമേ
ശരണമെൻറയ്യപ്പാ
പത്താം ത്രിപ്പടി ശരണമെൻറയ്യപ്പാ...പത്തവതാരവും
ശരണമെൻറയ്യപ്പാ
പതിനൊന്നം ത്രിപ്പടി
ശരണമെൻറയ്യപ്പാ...വൈക്കത്തപ്പനും ശരണമെൻറയ്യപ്പാ
പന്ത്രണ്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ഗുരുവായൂരപ്പൻ
ശരണമെൻറയ്യപ്പാ
പതിമൂന്നം ത്രിപ്പടി ശരണമെൻറയ്യപ്പാ...കൊടുങ്ങല്ലൂർ
ഭഗവതി ശരണമെൻറയ്യപ്പാ
പതിനാലാം ത്രിപ്പടി ശരണമെൻറയ്യപ്പാ...
വടക്കുംനാഥനും ശരണമെൻറയ്യപ്പാ
പതിനഞ്ചാം ത്രിപ്പടി
ശരണമെൻറയ്യപ്പാ...കാശിവിശ്വനാഥനും ശരണമെൻറയ്യപ്പാ
പതിനാറാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ആറന്മുള
ഭഗവാൻ ശരണമെൻറയ്യപ്പാ
പതിനേഴാം ത്രിപ്പടി ശരണമെൻറയ്യപ്പാ...തിരുമലർ
മഹാദേവർ ശരണമെൻറയ്യപ്പാ
പതിനെട്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...പതിനെട്ടു
പുരാണവും ശരണമെൻറയ്യപ്പാ
പതിനെട്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...പടിതൊട്ടു
വന്ദനം ശരണമെൻറയ്യപ്പാ
ശ്രീതിരുമുറ്റം ശരണമെൻറയ്യപ്പാ...സ്വാമിദർശനം
ശരണമെൻറയ്യപ്പാ
കർപ്പൂരദീപം ശരണമെൻറയ്യപ്പാ...തിരുവാഭരണം
ശരണമെൻറയ്യപ്പാ
കേശാദിപാദം ശരണമെൻറയ്യപ്പാ...പാദാദികേശം
ശരണമെൻറയ്യപ്പാ
നെയ്യഭിഷേകം ശരണമെൻറയ്യപ്പാ...നവാഭിഷേകം
ശരണമെൻറയ്യപ്പാ
പുഷ്പാഭിഷേകം ശരണമെൻറയ്യപ്പാ...ഭസ്മാഭിഷേകം
ശരണമെൻറയ്യപ്പാ
സർപ്പച്ചിറയേ ശരണമെൻറയ്യപ്പാ...നാഗരാജാവേ
ശരണമെൻറയ്യപ്പാ
കുംബളം തോടേ ശരണമെൻറയ്യപ്പാ...ബലികർമ്മാദികൾ
ശരണമെൻറയ്യപ്പാ
ഉരക്കുഴി തീർഥം ശരണമെൻറയ്യപ്പാ...തീർഥവുമാടി
ശരണമെൻറയ്യപ്പാ
ഭസ്മക്കുളമേ ശരണമെൻറയ്യപ്പാ...അവിടൊരു സ്നാനം
ശരണമെൻറയ്യപ്പാ
മാളികപ്പുറത്തമ്മ ശരണമെൻറയ്യപ്പാ...കടുത്തസ്വാമി
ശരണമെൻറയ്യപ്പാ
കറുപ്പസ്വാമി ശരണമെൻറയ്യപ്പാ...സ്വാമിയേ ശരണം
ശരണമെൻറയ്യപ്പാ
സ്വാമിയേ ശരണം ശരണമെൻറയ്യപ്പാ...സ്വാമിയല്ലാതൊരു
ശരണമില്ലയ്യപ്പാ
സ്വാമിയേ ശരണം ശരണമെൻറയ്യപ്പാ...ശ്രീധർമ്മ
ശാസ്താവേ ശരണമെൻറയ്യപ്പാ

സത്യമായ പൊന്നും
പതിനെട്ടും പടിമുകളിൽ
പൊന്നുംത്രിക്കോവിലകത്തു
രത്നഭൂഷാദികളണിഞ്ഞു
ചിന്മുദ്രാ ഹസ്തനായ്
യോഗപട്ടബന്ധിതനായ്
കോടാനുകോടിഭക്തന്മാരുടെ മാനസപൂജയും
നെയ്യഭിഷേകവും ഏറ്റു
പത്മപീടതിൽ യോഗാസനതിൽ അമർന്നരുളും
നിത്യ ബ്രഹ്മചാരി
ശ്രീഭൂതനാഥൻ
അഖിലാണ്ടകോടിബ്രഹ്മാണ്ട നായകൻ
ശത്രു സംഹാരമൂർത്തി
സേവിപ്പവർക്കാനന്ദമൂർത്തി
അദ്വയ്യഗാത്രൻ
സമന്വയനേത്രൻ
പാണ്ടിമലയാളം അടക്കിവാണിരിക്കും
കലിയുഗ നാഥൻ
ശബരിമല ശ്രീധർമ്മ ശാസ്താവു
സമസ്താപരാധവും പൊറുത്തു
കാത്തുരക്ഷിക്കേണം
ഓം ശ്രീ ഹരിഹരസുദനാനന്ദചിത്തനയ്യനയ്യപ്പ
സ്വാമിയേ... സ്വമിയേ....
ശരണമയ്യപ്പ..ശരണമയ്യപ്പ....

ഗണപതി

ഗജാനനാ ഹേ ശുഭാനനാ
പരമനിരഞ്ജന ഗജവദനാ (2)
വക്രതുണ്ഡധര വിഘ്നവിനാശാ (2)
പ്രണവസ്വരൂപാ ഗജമുഖനാഥാ (2)
സിദ്ധിവിനായക ആനന്ദദായക (2)
ആനന്ദദായക (2)
പരമനിരഞ്ജന ഗജവദനാ (2)

സരസ്വതി

സകലകലാദേവതേ സരസ്വതി ദേവി
വരമരുളൂ ഇന്നിവിടെ നിൻെറ ദാസരിൽ (2)
പണ്ഡിതരല്ല ഞങ്ങൾ പാമരരാണല്ലോ... (2)
പണ്ഡരീ നിൻെറ കൈയിലെ പാവകൾ മാത്രം..
(സകലകലാ..)
ലക്ഷാക്ഷരങ്ങളിൽ ഒന്നിച്ചിരിപ്പവൾ
ലക്ഷണമൊത്ത വിശാലമനസ്ക നീ (2)
ലക്ഷ്യത്തിലെത്താൻ ശ്രമിക്കുവോർക്കൊക്കെയും
പക്ഷാന്തരമില്ലാതെല്ലാം കൊടുപ്പവൾ...
(സകലകലാ..)
ആദ്യാക്ഷരങ്ങളെ ഞങ്ങൾക്കറിഞ്ഞിടൂ...
ആദ്യമായ് നിൻ കൃപയേകണേ ഞങ്ങളിൽ (2)
ആദിയുമന്തവും നിന്നിൽ ദർശിപ്പൂ ഞാൻ (2)
ആരിലും നിൻ കൃപയേകൂ ഭഗവതി
(സകലകലാ..)

ഗുരു

സത്ഗുരു നാഥനേ വാ വാ വാ
സച്ചിദാനന്ദഗുരോ വാ വാ വാ–
ചൈതന്യ രൂപനേ വാ വാ വാ
ചിന്മയ രൂപനേ വാ വാ വാ–
ശ്രീനീലകണ്ടഗുരോ വാ വാ വാ
ശ്രീരാമദാസഗുരോ വാ വാ വാ–
ആത്മാഭിരാമഗുരോ വാ വാ വാ
കരുണാമയനേ വാ വാ വാ–
കാരുണ്യമൂർതിയേ വാ വാ വാ
രാമസ്വരൂപനേ വാ വാ വാ–
രാമാവതാരഗുരോ വാ വാ വാ
മാരുതി രാജഗുരോ വാ വാ വാ–
ആജ്ഞനേയ ഭക്തഗുരോ വാ വാ വാ
ആശ്രിതവത്സലനേ വാ വാ വാ–
ഓംകാരനാഥഗുരോ വാ വാ വാ
കനകാംബരനേ വാ വാ വാ–
ശ്രീസത്യാനന്ദഗുരോ വാ വാ വാ
പട്ടാഭിരാമഗുരോ വാ വാ വാ

ശിവൻ

ഗംഗാധരാ ഗംഗാ വല്ലഭ എൻ
ഇങ്കിതം നിൻപാദ പൂജയല്ലോ...(ഗംഗാധരാ...)
ബ്രഹ്മാണ്ഡ ബിംബമേ നാദബ്രഹ്മമേ
ഓം നമഃശിവായ സാഗരമേ...(ഗംഗാധരാ...)
നെഞ്ചിൽ നിറഞ്ഞീടും പഞ്ചാക്ഷരസ്വരമേ
പഞ്ചബാണനേ കൊന്ന പരമേശനേ...(ഗംഗാധരാ...)
നെഞ്ചകത്തെപ്പൊഴും തിരുനാമമോതാൻ
ശങ്കരാ കനിയേണേ കരുണാ നിധേ...(ഗംഗാധരാ...)
അമ്പിളി കലചൂടും തമ്പുരാനേ നിൻെറ
അമ്പലനടയിൽ ഞാൻ കുമ്പിടുന്നേൻ...(ഗംഗാധരാ...)

സുബ്രഹ്മണ്യൻ

വള്ളിക്കു മണവളനായ്
പളനിക്കുദയ സൂര്യനായ്
ജ്വലിക്കും ദണ്ഡപാണിയേ... ഹൃത്തടത്താൽ
സ്തുതിക്കാം കാർത്തികേയനേ.. (2)

പാടിയ ഗാനങ്ങൾ മഹിമനിറയും കവിതകളായ് (2)
നീയല്ലോ അവനിയതിൽ പരമഗുണം തന്നവനേ..
ജ്വലിക്കും ദണ്ഡപാണിയേ... ഹൃത്തടത്താൽ
സ്തുതിക്കാം കാർത്തികേയനേ.. (വള്ളിക്കു..)

ഉഴുതാൽ പൊൻവിളയും മണ്ണിൻെറ പൊൻ വിളക്കേ
(2)
അണച്ചാൽ അണഞ്ഞിടാത്തൊരദിശയത്തിൻ
മണിവിളക്കേ
ജ്വലിക്കും ദണ്ഡപാണിയേ... ഹൃത്തടത്താൽ
സ്തുതിക്കാം കാർത്തികേയനേ.. (വള്ളിക്കു..)

ശ്രീകൃഷ്ണൻ

കൃഷ്ണ വാസുദേവ ഹരേ (2)
കൃഷ്ണ വാസുദേവ ഹരേ

ഗരുഡ ഗമനാ കംസാരേ മധുസൂദനാ (2)
മദന ഗോപാല നാരായണാ ഹരേ
മുരളീകൃഷ്ണാ മുരാരേ മനമോഹനാ (2)
നന്ദനന്ദനാ നാരായണാ ഹരേ
നാരായണ നാരായണ...
(കൃഷ്ണ വാസുദേവ ഹരേ)

രാമ രാമാ നരസിംഹ പുരുഷോത്തമാ (2)
രാഘവാ രാമ നാരായണാ ഹരേ
രാവണാരേ കോദണ്ഡ രാമ രഘുവരാ (2)
രാക്ഷസാന്തക നാരായണാ ഹരേ
നാരായണ നാരായണ...
(കൃഷ്ണ വാസുദേവ ഹരേ)

പത്മനാഭ പരമേശ സനാതനാ (2)
പരമ പുരുഷാ നാരായണാ ഹരേ
പാണ്ഡുരംഗ വിഠല പുരന്ദരാ (2)
പുണ്ഡരീകാക്ഷ നാരായണാ ഹരേ
നാരായണ നാരായണ...
(കൃഷ്ണ വാസുദേവ ഹരേ)

ശ്രീരാമൻ

രാമാ ദശരഥാ നന്ദനാ പാഹിമാം
രാജീവ ലോചനാ രാമ രാമ
രാമാഭി രാമ രഘുകുല നായകാ
സീതാ മനോഹരാ രാമ രാമ....(രാമാ...)

കോസലേന്ദ്രായ ശ്രീ കോദണ്ഡ രാമനേ
ശങ്കരാ സേവിതാ രാമ രാമ
രാമരാമേദി ജപിച്ചീടും ഞങ്ങളിൽ
ആമയം തീർത്തരുൾ വാമദേവാ....(രാമാ...)

കല്ലായ് കിടന്നോരഹല്യക്കുമോക്ഷവും
പാരാതേ നൽകിയ രാമപ്രഭോ
ഭാർഗ്ഗവ രാമന്റെ ഹന്ത ഒഴിച്ചു നീ
നൽ വഴി കാട്ടിയ രാമ ദേവാ.....(രാമാ...)

മുക്തിപ്രദായകം രാവണ നിഗ്രഹം
ചെയ്തോരു സീതാഭി രാമ രാമാ
ശ്രീ വിഷ്ണു വംശാവതാരമേ ഹേ പ്രഭോ
ത്രേതായുഗേ രാമഭദ്ര നാമം....(രാമാ..)

ഹനുമാൻ സ്വാമി

രാമനാനമേ ശൊന്നാൽ
അങ്കേ വരുവാൻ ഹനുമാൻ(2)
ക്ഷേമങ്ങൾ യാവും തരുവാൻ
ശ്രീരാമഭക്ത ഹനുമാൻ..(രാമ..)
ലങ്കയേ വാലാൽ എരിത്തവൻ
അന്ത ലങ്കാധിപനെ എടുത്തവൻ(2)
അഞ്ജനസുതനവൻ വീരനാം
ശ്രീരാമഭക്ത ഹനുമാൻ..(രാമ..)
സഞ്ജീവനിയെ എടുത്തവൻ
ചിരഞ്ജീവിയെൻറപേർ പെറ്റവൻ(2)
അഞ്ജനസുതനവൻ വീരനാം
ശ്രീരാമഭക്ത ഹനുമാൻ..(രാമ..)
അർക്കനേ ഭുജിക്കാൻ പോയവൻ
അന്ത അർക്കന്റെ ശിഷ്യനായ് വന്നവൻ
മാരുതിസുതനവൻ വീരനാം
ശ്രീരാമഭക്ത ഹനുമാൻ..(രാമ..)
രാമ രാമ രഘുരാമാ ജയ
രാമ രാമ രഘുരാമാ
രാമരാഘവാ രാമാ ജയ(3)

അയ്യപ്പൻ

ഓം ശബരിഗിരി വാസാ ശരണ–
അയ്യപ്പദാരവിന്ദം തൊഴുന്നേൻ...
അയ്യപ്പാ....(ഓം ശബരി...)

പാദ ദർശനത്തിനായി മുദ്ര ധരിച്ച്...
ഭക്ത്യാ ശരണം പാടി....(2)
ഇരുമുടിയുമേന്തി ശരണം പാടി നടന്നു...(ഓം ശബരി...)

എരുമേലിൽ കൂട്ടം കൂടി പേട്ട കൊണ്ടാടി
പേരൂർതോടും കടന്ന്....(2)
പേരൂർ തോടും കടന്നു കാളകെട്ടീ അഴുതാ...((ഓം ശബരി...)

നീലിമലകയറി ശബരിയേയും വന്ദിച്ച്
ശരമിട്ടു വന്ദനചെയ്ത്....(2)
പാവനമായ പടി പത്തും ഒരെട്ടും കയറി
പാവനമായ പടി പതിനെട്ടും കയറിചെന്നു...(ഓം ശബരി...)

മോഹിനി നന്ദനനേ മോഹവിനാശകനേ
മോഹാന്തകാരകിരണേ....(2)
കാത്തുകൊള്ളുക വേണം കൈലാസ വാസാ
സുധാ...(ഓം ശബരി...)

വാവരുക്കും മന്നർക്കും കടുത്തയ്ക്കും കറപ്പനിക്കും
വന്ദന ചെയ്യിട്ട്....(2)
വാവരുക്കും മന്നർക്കും സർപ്പഗണങ്ങളിക്കും
വന്ദന ചെയ്യിട്ട്.....
മാളികപ്പുറത്തമ്മ രാജരാജേശ്വരി...(ഓം ശബരി...)

തിരുവാഭരണം ചാർത്തി കർപ്പൂരദീപം കണ്ട്..
പാദാദികേശം തൊഴുത്....(2)
മകരവിളക്കും കണ്ട് പടി പതിനെട്ടിറങ്ങി...(ഓം
ശബരി...)
.....

സ്വാമി ശരണമയ്യപ്പാ ശരണം ശരണമയ്യപ്പാ
സ്വാമി ശരണമയ്യപ്പാ ശരണം ശരണമയ്യപ്പാ
ഹരിഹരതനയാ... സ്വാമി ചിരസുഖനിലയാ...
ഗിരിവരവാസാ... സ്വാമി ഘനസുഖരൂപാ... (2)

അടിമലരഭയം.... അടിയനു ശുഭനില പുകാൻ
അതുലിത കീർത്തേ... അരുളണം
അവിരതശാന്തി..ഹരിഹരതനയാ...
(സ്വാമി ശരണമയ്യപ്പാ)
ഇരുമുടി രൂപം സ്വാമി ജനിമൃതി ഭാരം...
പലവുരുപേറീ വേണ്ട ഇനിയൊരു ജന്മം
ഹരിഹരതനയാ...(സ്വാമി ശരണമയ്യപ്പാ)

തവതിരുമെയ്യിൽ സ്വാമി മലരഭിഷേകം..
അതിലൊരു മലരായ് തീർന്നാൽ
അവികലസൗഖ്യം...ഹരിഹരതനയാ...
(സ്വാമി ശരണമയ്യപ്പാ)

.....

മഹാ കാനന ദേശേ
ശിശു രോദനമേതോ.....
ഘോരമാം പെരും കടുവ കരടികൾ ഇടയിടെ
ഓടീടും
ആ കാനനമതിലൊരു തുണയതിനാരും
കാണുവതില്ലയ്യോ...(മഹാ...)
പിഞ്ചു കരങ്ങളും ആ ഇരുകാലും
തല്ലിയിതാ ശിലമേൽ
ആ കാനനശിൽപി എഴുന്നൊരു ധനുവും
ഗളമതിലൊരുമണിയും.....(മഹാ....)
പന്തള നരപതി ഏവം ചിന്തയിലാണ്ടുടനെ
അവിടേ. . .
ഉത്തമനായൊരു മുനിപുംഗവനും
എത്തി സമീപത്തിൽ...(മഹാ...)
മന്നവ-മകുടമണേ ഈ ശിശു ഒരു മംഗള-
നായതിനാൽ
മന്നവനാക്കി വളർത്തുക മേലിൽ
ഖിന്നത തീർത്തീടും...(മഹാ...)

മംഗളം

ജയഗണേശ ജയഗണേശ ജയഗണേശ പാഹിമാം
ശ്രീഗണേശ ശ്രീഗണേശ ശ്രീഗണേശ രക്ഷമാം

ജയസരസ്വതി ജയസരസ്വതി ജയസരസ്വതി
പാഹിമാം
ശ്രീസരസ്വതി ശ്രീസരസ്വതി ശ്രീസരസ്വതി രക്ഷമാം

ജയഗുരു ശിവഗുരു ഹരിഗുരു ഓം
ശ്രീഗുരു സത്ഗുരു മമഗുരു ഓം

ശിവ ശിവ ശിവ ശിവ ശിവ ശിവ ശിവ ശിവ ശങ്കര
ഹര ഹര ഹര ഹര ഹര ഹര ഹര ഹര ശങ്കര

സുബ്രഹ്മണ്യം സുബ്രഹ്മണ്യം ഷണ്മുഖനാഥാ
സുബ്രഹ്മണ്യം
ഹര ഹര സുബ്രഹ്മണ്യം ശിവ ഹര സുബ്രഹ്മണ്യം

രാമ രാമ രാമ രാമ രാമ രാമ പാഹിമാം
രാമപാദം ചേരണേ മുകുന്ദ രാമ പാഹിമാം
എങ്ങു നിന്നു രാമനാമ മന്ത്രമൊന്നു കേൾക്കവേ
അങ്ങു നിന്നു കൈകൾ കൂപ്പും ആഞ്ജനേയ സ്വാമികൾ
ഹൃത്തിൽ രാമനാമമന്ത്ര സപന്ദനങ്ങൾ കേട്ടു കേട്ടു
അത്തൽ തീർന്നു മുങ്ങിടട്ടേ ഭക്തിഗാനഗംഗയിൽ
ഹരേ റാം സീതാ റാം രാമ റാം രാഘവ റാം
ഹരേറാം സീതാറാം രാമറാം രാഘവറാം

രാധാ രമണ മുകുന്ദ മുരാരേ ശരണം മേ തവ
ചരണയുഗം
പവന പുരേശാ രാധാകൃഷ്ണാ ശരണം മേ തവ
ചരണയുഗം
കൃഷ്ണാ രാമാ ഗോവിന്ദാഹരി രാധാകൃഷ്ണാ ഗോവിന്ദാ
രാധാകൃഷ്ണാ ഗോവിന്ദാഹരി രാധേകൃഷ്ണാ ഗോവിന്ദാ
ഓം നമോ ഭഗവതേ വാസുദേവായാ
വാസുദേവായാ നാരായണായാ
നാരായണായാ രാമചന്ദ്രായാ
രാമചന്ദ്രായാ രാമഭദ്രയാ
ഓം നമോ ഭഗവതേ വാസുദേവായാ

ഒന്നാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ഓച്ചിറപരബ്രഹ്മം
ശരണമെൻറയ്യപ്പാ
രണ്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...നാരായണ സ്വാമി
ശരണമെൻറയ്യപ്പാ
മൂന്നാം ത്രിപ്പടി ശരണമെൻറയ്യപ്പാ...മൂർത്തികൾ മൂവരും
ശരണമെൻറയ്യപ്പാ
നാലാം ത്രിപ്പടി ശരണമെൻറയ്യപ്പാ...നാലുവേദങ്ങളും
ശരണമെൻറയ്യപ്പാ
അഞ്ചാം ത്രിപ്പടി ശരണമെൻറയ്യപ്പാ...പഞ്ചഭൂതങ്ങളും
ശരണമെൻറയ്യപ്പാ
ആറാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ആറുശാസ്ത്രങ്ങളും
ശരണമെൻറയ്യപ്പാ
എഴാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ഏറ്റുമാനൂർ ഭഗവാൻ
ശരണമെൻറയ്യപ്പാ
എട്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...അഷ്ടദിക്പാലകർ
ശരണമെൻറയ്യപ്പാ
ഒൻപതാം ത്രിപ്പടി ശരണമെൻറയ്യപ്പാ...നവഗ്രഹങ്ങളുമേ
ശരണമെൻറയ്യപ്പാ

പത്താം ത്രിപ്പടി ശരണമെൻറയ്യപ്പാ...പത്തവതാരവും
ശരണമെൻറയ്യപ്പാ
പതിനൊന്നം ത്രിപ്പടി ശരണമെൻറയ്യപ്പാ...വൈക്കത്തപ്പനും
ശരണമെൻറയ്യപ്പാ
പന്ത്രണ്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ഗുരുവായൂരപ്പൻ
ശരണമെൻറയ്യപ്പാ
പതിമൂന്നം ത്രിപ്പടി ശരണമെൻറയ്യപ്പാ...കൊടുങ്ങല്ലൂർ
ഭഗവതി ശരണമെൻറയ്യപ്പാ
പതിനാലാം ത്രിപ്പടി ശരണമെൻറയ്യപ്പാ... വടക്കുംനാഥനും
ശരണമെൻറയ്യപ്പാ
പതിനഞ്ചാം ത്രിപ്പടി
ശരണമെൻറയ്യപ്പാ...കാശിവിശ്വനാഥനും ശരണമെൻറയ്യപ്പാ
പതിനാറാം ത്രിപ്പടി ശരണമെൻറയ്യപ്പാ...ആറന്മുള ഭഗവാൻ
ശരണമെൻറയ്യപ്പാ
പതിനേഴാം ത്രിപ്പടി ശരണമെൻറയ്യപ്പാ...തിരുമലർ
മഹാദേവർ ശരണമെൻറയ്യപ്പാ
പതിനെട്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...പതിനെട്ടു
പുരാണവും ശരണമെൻറയ്യപ്പാ
പതിനെട്ടാം ത്രിപ്പടി ശരണമെൻറയ്യപ്പാ...പടിതൊട്ടു വന്ദനം
ശരണമെൻറയ്യപ്പാ
ശ്രീതിരുമുറ്റം ശരണമെൻറയ്യപ്പാ...സ്വാമിദർശനം
ശരണമെൻറയ്യപ്പാ
കർപ്പൂരദീപം ശരണമെൻറയ്യപ്പാ...തിരുവാഭരണം
ശരണമെൻറയ്യപ്പാ
കേശാദിപാദം ശരണമെൻറയ്യപ്പാ...പാദാദികേശം
ശരണമെൻറയ്യപ്പാ
നെയ്യഭിഷേകം ശരണമെൻറയ്യപ്പാ...നവാഭിഷേകം
ശരണമെൻറയ്യപ്പാ
പുഷ്പാഭിഷേകം ശരണമെൻറയ്യപ്പാ...ഭസ്മാഭിഷേകം
ശരണമെൻറയ്യപ്പാ
സർപ്പച്ചിറയേ ശരണമെൻറയ്യപ്പാ...നാഗരാജാവേ
ശരണമെൻറയ്യപ്പാ
കുംബളം തോടേ ശരണമെൻറയ്യപ്പാ...ബലികർമ്മാദികൾ
ശരണമെൻറയ്യപ്പാ
ഉരക്കുഴി തീർഥം ശരണമെൻറയ്യപ്പാ...തീർഥവുമാടി
ശരണമെൻറയ്യപ്പാ
ഭസ്മക്കുളമേ ശരണമെൻറയ്യപ്പാ...അവിടൊരു സ്നാനം
ശരണമെൻറയ്യപ്പാ
മാളികപ്പുറത്തമ്മ ശരണമെൻറയ്യപ്പാ...കടുത്തസ്വാമി
ശരണമെൻറയ്യപ്പാ
കറുപ്പസ്വാമി ശരണമെൻറയ്യപ്പാ...സ്വാമിയേ ശരണം
ശരണമെൻറയ്യപ്പാ
സ്വാമിയേ ശരണം ശരണമെൻറയ്യപ്പ
സ്വാമിയല്ലാതൊരു ശരണമില്ലയ്യപ്പ
അയ്യപ്പദൈവമേ ശരണമെൻറയ്യപ്പ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പ
ഹരിഹരസുതനേ കലിയുഗ വരദാ
അവിടുന്നല്ലതൊരു ശരണമില്ലയ്യപ്പ
ശ്രീധർമ്മ ശാസ്താവേ ശരണമെൻറയ്യപ്പ
അവിടുന്നല്ലാതൊരു ശരണമില്ലയ്യപ്പ

ഓം ശ്രീ ഹരിഹരസുദനാനന്ദചിത്തനയ്യനയ്യപ്പ
സ്വാമിയേ... സ്വമിയേ....
ശരണമയ്യപ്പ..ശരണമയ്യപ്പ....

ഹരിവരാസനം

ഹരിവരാസനം വിശ്വമോഹനം
ഹരിദധീശ്വരം ആരാധ്യപാദുകം
അരിവിമർദ്ദനം നിത്യനർത്തനം
ഹരിഹരാത്മജം ദേവമാശ്രയേ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

ശരണകീർത്തനം ശക്തമാനസം
ഭരണലോലുപം നർത്തനാലസം
അരുണഭാസുരം ഭൂതനായകം
ഹരിഹരാത്മജം ദേവമാശ്രയേ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

പ്രണയസത്യകം പ്രാണനായകം
പ്രണതകൽപകം സുപ്രഭാഞ്ജിതം
പ്രണവമന്ദിരം കീർത്തനപ്രിയം
ഹരിഹരാത്മജം ദേവമാശ്രയേ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

തുരഗവാഹനം സുന്ദരാനനം
വരഗദായുധം വേദവർണ്ണിതം
ഗുരുകൃപാകരം കീർത്തനപ്രിയം
ഹരിഹരാത്മജം ദേവമാശ്രയേ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

ത്രിഭുവനാർച്ചിതം ദേവതാത്മകം
ത്രിനയനം പ്രഭും ദിവ്യദേശികം
ത്രിദശപൂജിതം ചിന്തിതപ്രദം
ഹരിഹരാത്മജം ദേവമാശ്രയേ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

ഭവഭയാപഹം ഭാവുകാവഹം
ഭുവനമോഹനം ഭൂതിഭൂഷണം
ധവളവാഹനം ദിവ്യവാരണം
ഹരിഹരാത്മജം ദേവമാശ്രയേ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

കളമൃദുസ്മിതം സുന്ദരാനനം
കളഭകോമളം ഗാത്രമോഹനം
കളഭകേസരി വാജിവാഹനം
ഹരിഹരാത്മജം ദേവമാശ്രയേ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ

ശ്രിതജനപ്രിയം ചിന്തിതപ്രദം
ശ്രുതിവിഭൂഷണം സാധുജീവനം
ശ്രുതിമനോഹരം ഗീതലാലസം
ഹരിഹരാത്മജം ദേവമാശ്രയേ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ
ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ